കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

*KSAMPM 23/1362/2019 Dted 07.09.2019*

# മലപ്പുറം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.എം.പി.എം.23/1362/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി. 07/09/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം :മലപ്പുറം ജില്ലാ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം രണ്ടിലേയും ഭാഗം മൂന്നിലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഭരണസമിതി യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, എൽ.എസ്.ജി.ഡി,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.എം.പി.എം.23/1362/2019 തീയതി. 07/09/2019

## മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം –**

**വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2017 മുതൽ 02.05.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. 01.04.2017 മുതൽ 31.12.2017 വരെ കാലയളവിൽ നടത്തിയ വരവു ചെലവു കണക്കുകൾ പരിശോധിച്ച് നം.കെ.എസ്.എ.എം.പി.എം.23/576/2018 തിയതി 20.03.2018 ആയി ഇടക്കാല റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പുറപ്പെടുവിച്ച ഇടക്കാല ഓഡിറ്റ് റിപ്പോർട്ടിന് സെക്രട്ടറി നം.പി1/403/18 തിയതി 22.06.18 ആയി സമർപ്പിച്ച മറുപടി പരിശോധിച്ച് ഇടക്കാല റിപ്പോർട്ടിൽ തീർപ്പാക്കാത്ത ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുധാ ദാസ്,<br>സീനീയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2018 മുതൽ 26.02.2018 വരെ<br>02.05.2019 മുതൽ 24.05.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എ.സി.അബ്ദുള്ള .ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് ) |
| | ശ്രീ. ടി.പി.അബ്ദുൾ ജലീൽ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.അബ്ദു നാസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(01.02.2018 മുതൽ 26.02.2018വരെ) |
| | ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മൂസ.ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(02.05.2019 മുതൽ 24.05.2019വരെ) |
| | ശ്രീ.കെ.ജി.വേലായുധൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഷ്റഫ്.കെപി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(02.05.2019 മുതൽ 24.05.2019വരെ) |
| | ശ്രീ. യൂസഫ്.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(02.05.2019 മുതൽ 24.05.2019വരെ) |
| | ശ്രീ.രാമകൃഷ്ണൻ. ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(02.05.2019 മുതൽ 24.05.2019വരെ) |
| | ശ്രീമതി.സുജാത.എം, ഓഡിറ്റർ<br>(02.05.2019 മുതൽ 24.05.2019വരെ) |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.പി. ഉണ്ണികൃഷ്ണൻ | 01.04.2017 – 31.03.2018 |
| സെക്രട്ടറി | ശ്രീ.മൻസൂർ ഹുസൈൻ.എച്ച് | 01.04.2017 – 28.05.2017 |
| | ശ്രീ.പി.സി.ബാലഗോപാൽ | 29.05.2017 – 09.07.2017 |
| | ശ്രീ.പി.ജി.വിജയകുമാർ | 10.07.2017 – 24.10.2017 |
| | ശ്രീമതി.പ്രീതി മേനോൻ | 25.10.2017 – 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ -എൽ.എസ്.ജി.ഡി | ശ്രീ.രാജൻ.എൻ.വി | 01.04.2017 –31.03.2018 |
| 2 | ഡെപ്യൂട്ടി ഡയരക്ടർ-മൃഗസംരക്ഷണം | ഡോ.മീര മോഹൻദാസ് | 01.04.2017-31.03.2018 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -കൃഷി, ആനക്കയം | ശ്രീ.അബ്ദുൽ വഹാബ്.വി.എസ് | 01.04.2017–31.03.2018 |
| 4 | ഡെപ്യൂട്ടി ഡയരക്ടർ-വിദ്യാഭ്യാസം | ശ്രീ.പി.സഫറുള്ള | 01.04.2017–30.07.2017 |
| | | ശ്രീമതി.കൃഷ്ണകുമാരി.സി | 31.07.2017–08.11.2017 |
| | | ശ്രീമതി.വത്സല.സി.ഐ | 09.11.2017–31.03.2018 |
| 5 | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ലതാ നായർ | 01.04.2017-31.03.2018 |
| 6 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീ.സുഭാഷ് കുമാർ ,കെ.വി | 01.04.2017-31.03.2018 |
| 7 | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ.സക്കീന.കെ | 01.04.2017-31.03.2018 |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ-ആയുർവേദ | ഡോ.കെ.സുശീല | 01.04.2017-26.05.2017 |
| | | ഡോ.കെ.എം.ശ്രീദേവി. | 27.05.2017-30.05.2017 |
| | | ഡോ.കെ.സുശീല | 31.05.2017-23.06.2017 |
| | | ഡോ.ഒ.കെ.ഷേർളി | 24.06.2017-31.07.2017 |
| | | ഡോ.കെ.സുശീല | 01.08.2017-13.10.2017 |
| | | ഡോ.ലിൻസി.പി.മഞ്ഞളി | 14.10.2017-31.03.2018 |
| 9 | മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.ബാബുരാജ്.കെ | 01.04.2017-02.07.2017 |

| | | | |
|---|---|---|---|
| | | ശ്രീ.പ്രശാന്ത്.കെ | 03.07.2017-31.03.2018 |
| 10 | ഫാം സൂപ്രണ്ട്-ജില്ലാ കൃഷിത്തോട്ടം-ചുങ്കത്തറ | ശ്രീ.മാത്യു ഉമ്മൻ | 01.04.2017-31.03.2018 |
| 11 | സീനീയർ കൃഷി ഓഫീസർ- സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | ശ്രീ.റജി. എ വർഗീസ് | 01.04.2017-19.06.2017 |
| | | ശ്രീ.മാത്യു ഉമ്മൻ | 20.06.2017-04.07.2017 |
| | | ശ്രീമതി.ജമീല കുന്നത്ത് | 05.07.2017-22.01.2018 |
| | | ശ്രീ.മാത്യു ഉമ്മൻ | 23.01.2018-28.02.2018 |
| | | ശ്രീമതി.ജമീല കുന്നത്ത് | 01.03.2018-31.03.2018 |
| 12 | സൂപ്രണ്ട്-ജില്ലാ ആശുപത്രി പെരിന്തൽമണ്ണ | ഡോ.ഷാജി.എ | 01.04.2017-21.07.2017 |
| | | ഡോ.സുജിത മാധവൻ | 22.07.2017-31.03.2018 |
| 13 | ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആയുർവേദ ആശുപത്രി, വളവന്നൂർ | ഡോ.കെ.എം.മൻസൂർ | 01.04.2017-31.03.2018 |
| 14 | സീനീയർ കൃഷി ഓഫീസർ-സ്റ്റേറ്റ് സീഡ് ഫാം, തവന്നൂർ | ശ്രീമതി.സക്കീന ബാനു.ഇ.പി | 01.04.2017-07.05.2017 |
| | | ശ്രീ.ഒ.പ്രസന്നൻ | 08.05.2017-27.06.2017 |
| | | ശ്രീമതി.ആയിഷാബീവി.പി.എസ് | 28.06.2017-19.09.2017 |
| | | ശ്രീ.മാത്യു ജോർജ് | 20.09.2017-21.11.2017 |
| | | ശ്രീ.ഒ.പ്രസന്നൻ | 22.11.2017-31.03.2018 |
| 15 | സീനീയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | ശ്രീമതി.ലളിതബേബി.പി.ടി | 01.04.2017-04.06.2017 |
| | | ശ്രീമതി.മിനി ജേക്കബ് | 05.06.2017-31.03.2018 |
| 16 | സൂപ്രണ്ട്-ജില്ലാ ആശുപത്രി നിലമ്പൂർ | ഡോ.സി.ഹമീദ് | 01.04.2017-31.03.2018 |
| 17 | സൂപ്രണ്ട്-ജില്ലാ ആശുപത്രി.തിരൂർ | ഡോ.വിനോദ് | 01.04.2017-31.03.2018 |
| 18 | സീനിയർ കൃഷി ഒാഫീസർ, കോക്കനട്ട് നഴ്സറി,പരപ്പനങ്ങാടി | ശ്രീ.ഒ.പ്രസന്നൻ | 01.04.2017-11.06.2017 |
| | | ശ്രീമതി.ആയിഷാബീവി.പി.എസ് | 12.06.2017-18.09.2017 |

| | | | |
|---|---|---|---|
| | | ശ്രീ.ഒ.പ്രസന്നൻ | 19.09.2017-31.03.2018 |
| 19 | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ക്യാൻസർ ആശുപത്രി-വണ്ടൂർ (ചേതന) | ഡോ.വിനു കൃഷ്ണൻ | 01.04.2017-02.07.2017 |
| | | ഡോ.ഹരിലാൽ | 03.07.2017-08.12.2017 |
| | | ഡോ.റംലത്ത് കുഴിക്കാട്ടിൽ | 10.12.2017-31.03.2018 |
| 20 | പ്രോജക്ട് ഡയരക്ടർ-ദാരിദ്ര്യ ലഘൂകരണം | ശ്രീ.പി.ജി.വിജയകുമാർ | 01.04.2017-31.03.2018 |
| 21 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ-(വൈ.പി ) | ശ്രീ.സദാനന്ദൻ.എൻ.യു | 01.04.2017-31.03.2018 |
| 22 | കൃഷി ഡെപ്യൂട്ടി ഡയരക്ടർ-(ഡബ്ലിയു .എം) | ശ്രീമതി.ജമീല | 01.04.2017-10.12.2017 |
| | | ശ്രീ.സദാനന്ദൻ.എൻ.യു | 11.12.2017-31.03.2018 |
| 23 | അസിസ്റ്റന്റ് ഡയറക്ടർ-ജില്ലാ കോഴി വളർത്തൽ കേന്ദ്രം -ആതവനാട് | ഡോ.ഇ.വി.ബാലഗോപാൽ | 01.04.2017-04.10.2017 |
| | | ഡോ.സുരേഷ്.ബി | 05.10.2017-08.02.2018 |
| | | ഡോ.പി.ശിവകുമാർ | 09.02.2018-31.03.2018 |
| 24 | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ-കുടുംബശ്രീ | ശ്രീമതി.സി.കെ ഹേമലത | 01.04.2017-31.03.2018 |
| 25 | സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി-മുണ്ടുപറമ്പ് | ഡോ.ഗോപാല കൃഷ്ണൻ | 01.04.2017-02.08.2017 |
| | | ഡോ.രാമദാസ് | 03.08.2017-08.11.2017 |
| | | ഡോ.ശോഭ.എസ് | 08.11.2017-21.03.2018 |
| | | ഡോ.മുഹമ്മദ് അക്ബർ | 22.03.2018-31.03.2018 |
| 26 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി.രേഖ.ബി | 01.04.2017-02.10.2017 |
| | | ശ്രീ.സുൽഫിക്കർ.എൻ. | 03.10.2017-13.11.2017 |
| | | ശ്രീമതി.ധന്യ രവി | 14.11.2017-31.03.2018 |
| 27 | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ, RAHC നിലമ്പൂർ | ഡോ.സക്കറിയ സാദിഖ് മധുരക്കറിയൻ | 01.04.2017-31.03.2018 |
| 28 | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ, RAHC ആതവനാട് | ഡോ.രമാദേവി | 01.04.2017-05.06.2017 |

| | | | |
|---|---|---|---|
| | | ഡോ.സുരേഷ്.ബി | 06.06.2017-31.03.2018 |
| 29 | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി മലപ്പുറം | ഡോ.സി.മധു | 01.04.2017-31.03.2018 |
| 30 | ഡപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | ശ്രീ.റാഫി പോൾ | 01.04.2017-31.03.2018 |
| 31 | ഡപ്യൂട്ടി ഡയറക്ടർ,ഫിഷറീസ് | ശ്രീ.സൈദ് മുഹമ്മദ് .വൈ | 01.04.2017-07.05.2017 |
| | | ശ്രീ.ജയനാരായണൻ.സി | 08.05.2017-31.03.2018 |

## ഉള്ളടക്കം-


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I**<br>**പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| | | |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദാസീനത | 2-1 |
| ഭാഗം 111 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | താൽക്കാലിക ജീവനക്കാരുടെ നിയമനം- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-1 |
| 15 | സാമൂഹിക അർബുദ രജിസ്റ്റർ തയ്യാറാക്കൽ-പൂർത്തീകരണ വിവരമില്ല | 3-2 |
| 16 | വൃക്ക രോഗികൾക്ക് കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി മുഖേന മരുന്ന വാങ്ങി നൽകൽ- അപാകതകൾ | 3-3 |
| 17 | എടവണ്ണ CHC യിലേക്ക് അനലോഗ് മാമോഗ്രഫി മെഷീൻ വാങ്ങൽ--ഉപകരണം പ്രവർത്തനക്ഷമമായില്ല | 3-4 |
| 18 | ഓമാനൂർ പുലരി ന്യൂട്രിമിക്സ് - പൌച്ച് പാക്കിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-5 |
| 19 | ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയത് അംഗീകരിക്കുന്നില്ല | 3-6 |
| 20 | കുടുംബശ്രീ യൂണിറ്റുകളിലേക്ക് ന്യൂട്രിമിക്സ് പൌഡർപാക്കിംഗ് മെഷീൻ വാങ്ങൽ - അപാകതകൾ | 3-7 |
| 21 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തിയത് അംഗീകരിക്കുന്നില്ല | 3-8 |
| 22 | തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതി (ABC Programme)-നിർവ്വഹണത്തിലെ അപാകതകൾ | 3-9 |
| 23 | വണ്ടൂർ ഹോമിയോ കാൻസർ (ചേതന) ആശുപത്രി-ദൈനംദിന ചെലവുകൾ പ്രൊജക്ടിലെ അപാകതകൾ | 3-10 |
| 24 | ആയുർസ്പർശം പദ്ധതി - ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യത്തിന് തുക വിനിയോഗിച്ചു | 3-11 |
| 25 | മരുന്ന് ലഭ്യമായില്ല- ചെലവു തുക തടസ്സം ചെയ്യുന്നു | 3-12 |
| 26 | ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകളിലേക്ക് ഗേൾസ് ഒൺലി ബസ് - അപാകതകൾ | 3-13 |
| 27 | ഡെപ്യൂട്ടി ഡയറക്ടർ ,പൊതുവിദ്യാഭ്യാസം ,മലപ്പുറം നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ലഭ്യമാക്കിയില്ല. | 3-14 |
| 28 | കല്പകഞ്ചേരി ജി എച്ച് എസ് എസിൽ സ്പീക്കർ,ഫർണീച്ചർ,ബാന്റ്സെറ്റ് എന്നിവ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 29 | വിജയഭേരി പദ്ധതി - അപാകതകൾ | 3-16 |
| 30 | അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങുന്നതിനു മുമ്പ് ഡയാലിസിസ് യൂണിറ്റിന് മരുന്നുകളും റീ ഏജന്റുകളും വാങ്ങാൻ നിക്ഷേപം | 3-17 |
| 31 | ജനറേറ്റർ സ്ഥാപിച്ച വിവരം ലഭ്യമാക്കിയില്ല | 3-18 |
| 32 | ജെ സി ബി ക്ക് വാടക നൽകിയത് - നടപടികൾ സുതാര്യമല്ല | 3-19 |
| 33 | വിവിധ പ്രോജക്ടുകൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-20 |
| 34 | മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ അവരുടെ ആസ്തികളിൽ | 3-21 |

| | | |
|---|---|---|
| | പ്രവൃത്തികൾ നടത്തി. | |
| 35 | ഫോം വർക്ക് - അധികം നിരക്ക് നൽകി. | 3-22 |
| 36 | GST കോംപൻസേഷൻ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധിക്കാതെ പണം നൽകി. | 3-23 |
| 37 | മരാമത്ത് പ്രവൃത്തി- നിർവ്വഹിക്കാത്ത ഇനത്തിന് പണം നൽകി | 3-24 |
| 38 | റോഡ് മെയിന്റനൻസ് ഫണ്ട് 19.11 കോടി രൂപ വകമാറ്റി ചെലവഴിച്ചു. | 3-25 |
| 39 | വൈദ്യുതീകരണ പ്രവൃത്തികൾ-പൂർത്തീകരണ വിവരമില്ല | 3-26 |
| 40 | ഡ്രൈനേജ് സൈഡ് വാൾ- സെന്ററിംഗ് പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി | 3-27 |
| 41 | SC കോളനി ഭവന സുരക്ഷ- ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി. | 3-28 |
| 42 | ഭവന സുരക്ഷ പദ്ധതി- സമിന്റ് മോർട്ടാർ ഉപയോഗിച്ചുള്ള കരിങ്കല്ല് പടവ്- അധിക ചെലവ് | 3-29 |
| 43 | ക്വാറി മക്ക് ഫില്ലിംഗ്- അധിക നിരക്ക് നൽകി | 3-30 |
| 44 | റൂഫിംഗ് ഷീറ്റിന് അധിക നിരക്ക് നൽകി | 3-31 |
| 45 | ട്രസ്സ് വർക്ക്- സിംഗിൾ സെക്ഷൻ വർക്കിന് അധിക നിരക്കിൽ തുക നൽകിയത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-32 |
| 46 | കോമ്പൗണ്ട് വാൾ ഗെയിറ്റ് നിർമ്മാണം- അധിക നിരക്ക് നൽകി | 3-33 |
| 47 | നെടുങ്കയം ST കോളനി കുടിവെള്ള പദ്ധതി- ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു | 3-34 |
| 48 | വാക്കേയത്ത് താഴംകുളം പുനരുദ്ധാരണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 3-35 |
| 49 | GHSS കാടഞ്ചേരി – മെയിന്റനൻസ്- പ്രവൃത്തിയിലെ അപാകതകൾ | 3-36 |
| 50 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല | 3-37 |
| 51 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | 3-38 |
| | ഭാഗം IV<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 52 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 53 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 55 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 56 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 57 | ഓഡിറ്റ് റിക്കവറി | 4-6 |
| 58 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 59 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധങ്ങൾ** | |
| | ഓഡിറ്റ് സാക്ഷ്യപത്രം | 1 |



# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.2018 | 25.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ എസ് എ എം പി എം 23/1327/2018 തി. 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,17,79,327 |
| വരവ് | 1,05,79,65,253 |
| ആകെ | 1,12,97,44,580 |
| ചെലവ് | 1,00,45,30,064 |
| നീക്കിയിരിപ്പ് | 12,52,14,516 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 596967600 | 596967600 | 472029549 | 124938051 | 79.07% |
| വികസനഫണ്ട് എസ്.സി.പി. | 0 | 197715000 | 197715000 | 102105163 | 95609837 | 51.64% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 11640000 | 11640000 | 11640000 | 0 | 100.00% |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 230632000 | 230632000 | 198316109 | 32315891 | 85.98% |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 107714000 | 107714000 | 94606931 | 13107069 | 87.83% |
| തനത് ഫണ്ട് ബാങ്ക്(എം.ഡി.സി) | 9130 | 369 | 9499 | 0 | 9499 | 00.00% |

| | | | | | | |
|---|---|---|---|---|---|---|
| എസ്.ബി.ടി, എസ്.എസ്.എ | 5725334 | 271776 | 5997110 | 0 | 5997110 | 00.00% |
| ട്രഷറി നബാർഡ് RIDF | 287100 | 0 | 287100 | 0 | 287100 | 00.00% |
| തനത് ഫണ്ട് ട്രഷറി | 65751764 | 37326004 | 103077768 | 95735858 | 7341910 | 92.88% |
| DPFA-1 | 5999 | 0 | 5999 | 0 | 5999 | 00.00% |
| RMSA -കനറാ ബാങ്ക് | 0 | 114023352 | 114023352 | 2755454 | 111267898 | 2.4% |
| TSB- Joint Venture | 0 | 305000 | 305000 | 0 | 305000 | 0% |
| ബി ഫണ്ട് | 0 | 34626500 | 34626500 | 34626500 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 27341000 | 27341000 | 27341000 | 0 | 100% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1690 | 1,86,85,57,359 | 771 | 90,13,57,720 | 583 | 336 | 45.62 |

# 1-7 തൊഴിലുറപ്പ് പദ്ധതി.

ഇല്ല.

# 1-8 ക്ഷേമപദ്ധതികൾ.

ഇല്ല

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.05.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,200 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പൊതുവായ പോരായ്മകൾ താഴെ പറയുന്നു.

1.അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ, സാമൂഹ്യ നീതി ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2. ജില്ലാ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി തയ്യാറാക്കിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 10.11.2018 | 2018-19(2$^{nd}$ | ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| ഓഡിറ്റ് | | Phase) | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.11.2017 മുതൽ 30.12.2017 വരെ | 2015-16 മുതൽ 2016-17 വരെ | 01.02.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കെട്ടിട വാടക:കുടിശ്ശിക ഡിമാന്റ് ഇല്ല;എന്നാൽ കുടിശ്ശിക വരവുണ്ട്.

കെട്ടിട വാടകയിനത്തിൽ 2016-17 AFSലെ ബാലൻസ് ഷീറ്റ് B15 Shedule പ്രകാരം കുടിശ്ശികയൊന്നും തന്നെയില്ല.എന്നാൽ 2017-18ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-43 Shedule പ്രകാരം 38700 രൂപ ഈയിനത്തിൽ വരവ് ഉണ്ട്.

2. 2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം pars2(3)കെട്ടിട വാടക ഇനത്തിൽ 931053 രൂപ പിരിഞ്ഞു കിട്ടാനുണ്ട്.എന്നാൽ ഈ കുടിശ്ശിക പിരിച്ചെടുക്കുകയോ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. കഴിഞ്ഞ നാല് വാർഷിക കണക്കുകളിലും ബാലൻസ് ഷീറ്റ് B9 Schedule ൽ stale cheque ഇനത്തിൽ 69256 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ അപാകത നാളിതുവരെ പരിഹരിച്ചിട്ടില്ല.

4. കഴിഞ്ഞ നാല് വാർഷിക കണക്കുകളിലും HBAഇനത്തിൽ റിക്കവർ ചെയ്ത 4350 രൂപ ബാധ്യതയായി നിലനിൽക്കുന്നുണ്ട്.(ബി9ഷെഡ്യൂൾ)ഈ തുക അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

5.തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് B4 Schedule ൽ മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഇനം | തുക | അഭിപ്രായം |
|---|---|---|---|
| 1 | SGSY | 46461 | 2014-15 മുതൽ 2017-18 വരെ |
| 2 | NRHM | 1500000 | 2014-15 മുതൽ 2017-18 വരെ |
| 3 | Road renovation fund | 64988 | 2014-15 മുതൽ 2017-18 വരെ |
| 4 | Animal husbandry | 240185 | 2015-16 മുതൽ 2017-18 വരെ |
| 5 | Nabard Assistance | 28700 | 2015-16 മുതൽ 2017-18 വരെ |
| 6 | Specific Purpose Grand | 338148 | 2015-16 മുതൽ 2017-18 വരെ |
| 7 | Award Fund | 300000 | 2014-15 മുതൽ 2017-18 വരെ |

7. റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-3,RP-4,RP-5,RP-6എന്നീ Scheduleകൾ പ്രകാരമുള്ള വരവുകൾക്കാധാരമായ രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കിയിട്ടില്ല.

8.വാർഷിക കണക്ക് പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ 300000/- രൂപ വരവുണ്ട്.(ആർ.പി.ഷെഡ്യൂൾ 31)എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ബാധ്യതയായി 3407498 രൂപയാണ് കാണുന്നത്.(ഷെഡ്യൂൾബി7)മുൻ വർഷങ്ങളിലെ ടി തുക വിനിയോഗിക്കാത്തത് വിശദീകരിച്ചിട്ടില്ല.

9.വാർഷിക ധനകാര്യ പത്രിക Schedule RP-40b പ്രകാരം DPFA-1 അക്കൗണ്ടിൽ 5999 രൂപ നീക്കിയിരിപ്പ് ഉണ്ട്.ആയതിന്റെ Bank reconciliation statement,Bank book ,pass book മുതലായവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

11.STSB-27 അക്കൗണ്ട് പ്രകാരം 31.03.2018ന് കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരം 47767 രൂപയുടെ ബാധ്യതയുണ്ട്.എന്നാൽ B-9 Schedule പ്രകാരം ഈയിനത്തിൽ 69256 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്

12. മുൻ വർഷ എ.എഫ്.എസിൽ capital work in progress ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തൻവർഷ കണക്കിലും - capital work in progress ഇനത്തിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. (128282101/-) എന്നാൽ വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

13. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം 2011 ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ മുതലായവ ഉൾപ്പെടുത്തിയിട്ടില്ല.

14. നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ.7എ കാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദാസീനത

30.01.2006 ലെ ജില്ലാ പഞ്ചായത്തും കിൻഫ്രയും തമ്മിൽ ഒപ്പുവെച്ച ലീസ് ഉടമ്പടി പ്രകാരം 32 ലക്ഷം രൂപ (100%ലീസ് പ്രീമിയം ) ഒടുക്കി 4000 ചതുരശ്ര അടി സ്ഥലം ജില്ലാ പഞ്ചായത്ത് ലീസിനെടുത്തിട്ടുണ്ട്. ഐ.ടി അനുബന്ധ വ്യവസായങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 13 സംരംഭകർക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും സംരംഭകരും തമ്മിലുള്ള കരാർ പ്രകാരം 3500 ച.അടി സ്ഥലം അനുവദിച്ചുനൽകി. 500 ച.അടി സ്ഥലം സംരംഭകർക്ക് പൊതുവായി ഉപയോഗിക്കാവുന്നതുമാണ്.

ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള വ്യവസായകേന്ദ്രങ്ങളിൽനിന്നുള്ള വാടകപിരിവു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജില്ലാ വ്യവസായകേന്ദ്രം മാനേജർ ആണ്. സംരംഭകർ ഒടുക്കേണ്ട വാടക, സംരംഭകരിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ശേഖരിക്കുകയും തുടർന്ന് ജില്ലാപഞ്ചായത്തിലേക്ക് അടവാക്കുകയുമാണ് ചെയ്യേണ്ടത്. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം ഭീമമായ തുക വാടക ഇനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. കാക്കഞ്ചേരി കിൻഫ്ര ടെക്നോ പാർക്കിൽ ലീസിനെടുത്ത സ്പേസ് 13.9.2007- ലെ വി.എം.198/04 നമ്പർ ഉത്തരവ് പ്രകാരം സ്ഥലം അനുവദിച്ച നൽകപ്പെട്ടവരിൽ നിന്നും വാടക ഇനത്തിൽ (കോമൺ ഫെസിലിറ്റി ചാർജ്, പലിശ എന്നിവ ഉൾപ്പടെ) കുടിശ്ശികയായി ലഭിക്കുവാനുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നമ്പർ (1) | പേര് (2) | എഗ്രിമെന്റ് പ്രകാരം വാടക അടവാക്കി തുടങ്ങേണ്ട തിയതി (3) | അനുവദിച്ച വിസ്തീർണ്ണം (4) | പ്രതിമാസ വാടക (5) | വാടക (കോമൺ ഫെസിലിറ്റി ചാർജ്+ സർവ്വീസ് ടാക്സ്, പലിശ) ഉൾപ്പടെ) അടവാക്കേണ്ട തുക (6) | അടവാക്കിയ തുക 04/12 (7) | കുടിശ്ശിക- വാടക സ്റ്റേറ്റ്മെന്റ് പ്രകാരം (04.05.2019 തിയതി വരെ) (8) |
|---|---|---|---|---|---|---|---|
| 1 | അബ്ദുൾ റസാഖ് വാരിക്കോടൻ | 19.09.2008 | 350 | 1540 | 288791 | 85993 | 202798 |
| 2 | രാജേഷ് കരുവത്ത് | 19.09.2008 | 350 | 1540 | 288791 | 85993 | 202798 |
| 3 | മുജീബ് കക്കോടി | 19.09.2008 | 350 | 1540 | 288791 | 85993 | 202798 |
| 4 | ഫസൽ വാരിക്കോടൻ | 19.09.2008 | 350 | 1540 | 288791 | 85993 | 202798 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | നാഫിഹ്.പി | 19.09.2008 | 320 | 1411 | 264019 | 78756 | 185263.00 |
| 6 | അബ്ദുൾ ഗഫൂർ .കെ | 19.09.2008 | 320 | 1411 | 264019 | 78756 | 185263.00 |
| 7 | ജഹ്ഫൽ | 19.09.2008 | 320 | 1411 | 264019 | 78756 | 185263.00 |
| 8 | കിളിയമണ്ണിൽ യാക്കൂബ് | 19.09.2008 | 320 | 1411 | 264019 | 78756 | 185263.00 |
| 9 | ഹംസ അഞ്ചുമുക്കിൽ | 29.07.2008 | 150 | 662 | 66182 | 48250 | 17932.00 |
| 10 | വിനോദ്.പി | 29.07.2008 | 100 | 441 | 44126 | 22360 | 21766 |
| 11 | പ്രകാശ്.പി | 29.07.2008 | 100 | 441 | 44125.7 | 34492 | 11633.66 |
| 12 | മുഹമ്മദ് അഷീർ.എൻ | 29.07.2008 | 100 | 441 | 44125.7 | 26069 | 18056.66 |
| 13 | മുഹമ്മദ് സഫീർ.എ | 29.07.2008 | 370 | 1632 | 159288 | 96137 | 63151 |
| ആകെ | | | | | | | 1684780.98 |

അനുവദിച്ച സ്ഥലത്തിന്റെ വാടക, മറ്റുകാര്യങ്ങൾ എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരത്തിനും കൂട്ടിചേർക്കലുകൾക്കുമായി 29.01.2019 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിലും വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള പലിശ, വാടക വർദ്ധന നിരക്ക് എന്നിവ സംബന്ധിച്ച് യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 10 വർഷം മുമ്പ് നിശ്ചയിച്ച വാടകയാണ് നിലവിലും ബാധകമാക്കിയിരിക്കുന്നത്. ഈ കാലയളവിൽ വാടക പുതുക്കി നിശ്ചയിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ജില്ലാപഞ്ചായത്ത് സെക്രട്ടറിയും സംരംഭകരും തമ്മിലുള്ള കരാറിലെ പട്ടിക 2 പാര 4 പ്രകാരം 6മാസമോ അതിൽ കൂടുതലോ സ്ഥാപനം പ്രവർത്തന രഹിതമായി കിടന്നാലോ , ഈ കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുവെന്ന് ബോധ്യമായാലോ കരാർ റദ്ദ് ചെയ്യുന്നതിനും മേൽ പ്രകാരം കരാർ റദ്ദ് ചെയ്ത മുറികൾ സംരംഭകർ സ്വമേധയാ തിരിച്ചേൽപ്പിക്കുന്നില്ലെങ്കിൽ നിയമ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി സ്വീകരിച്ച് മുറി കൈവശപ്പെടുത്താനുള്ള അധികാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്നും സ്പഷ്ടമാക്കിയിട്ടുണ്ട്.

മേൽ പട്ടികയിലെ 13 സംരംഭകരിൽ ക്രമ നമ്പർ 1 മുതൽ 8 വരെയുള്ളവർ വാടക തുക കുടിശ്ശിക വരുത്തിയിട്ടുള്ളവരും ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിരവധി അറിയിപ്പുകൾ നൽകിയിട്ടും നാളിതുവരെയും കുടിശ്ശിക തുക ഒടുക്കുകയോ കരാർ ഉടമ്പടി പുതുക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. കരാറുടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യത്തിൽ ഇവരിൽ നിന്നും നിയമ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി സ്വീകരിച്ച് മുറി കൈവശപ്പെടുത്താൻ 08.09.2017, 23.02.2018 എന്നീ തിയതികളിലെ വി.എം/198/04 നമ്പർ കത്തുകളിലൂടെ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വ്യവസായ കേന്ദ്രം മാനേജർ നൽകിയ 08.09.2017ലെ വി.എം./198/2004 നമ്പർ റിപ്പോർട്ടിൽ 13 സംരംഭകരും പ്രവർത്തനം നടത്തുന്നില്ലെന്ന് വ്യക്തമാക്കുന്നു. ഇതിലെ 8 സംരംഭകരുടെ കൂട്ടായ്മയായ ക്ലാഡിയോ ടെക്നോളജി എന്ന സ്ഥാപനം ചുരുങ്ങിയത് 3 വർഷമായി പ്രവർത്തിക്കുന്നില്ലെന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. പ്രവർത്തനം നടത്താതിരിക്കുകയും, വാടക കുടിശ്ശിക വരുത്തുകയും ചെയ്തിട്ടും നിലവിലെ സംരംഭകരെ ഒഴിപ്പിച്ച് താത്പര്യമുള്ള പുതിയ സംരംഭകർക്ക് അവസരം നൽകുന്നതിന് ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വാടക കുടിശ്ശികയില്ലാതെ ഈടാക്കുന്നതിന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടും ജില്ലാ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല.

വാടക കുടിശ്ശിക അടവാക്കാനോ കരാർ പുതുക്കാനോ തയ്യാറാകാത്ത 8 സംരംഭകരിൽ നിന്ന് വാടകക്കരാറിലെ വ്യവസ്ഥ പ്രകാരം നിയമാനുസൃതമായ അധികാരം ഉപയോഗിച്ച് മുറികൾ തിരിച്ചുപിടിക്കുന്നതിനും വാടക കുടിശ്ശിക നിയമാനുസൃത പലിശ സഹിതം പിരിച്ചെടുക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിഷ്ക്രിയമായി കിടക്കുന്ന സ്പേസുകൾ ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

കുടിശ്ശിക വാടക മുഴുവനായും ഈടാക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം വാടക ഈടാക്കാൻ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിമാരിൽ നിന്നും കാലഹരണപ്പെട്ട വാടക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 താൽക്കാലിക ജീവനക്കാരുടെ നിയമനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

താൽക്കാലിക ജീവനക്കാരെ നിയമിച്ചതിലെ അപാകത സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷത്തിലും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ, ഗവൺമെന്റിൽ നിന്നും പ്രത്യേക അനുമതി വാങ്ങാതെയും താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും, ഇപ്പോഴും ജോലിയിൽ തുടരുന്നതായും കാണുന്നു. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ 9 പേരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 3 പേരുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്. ഇവർ മുൻ വർഷങ്ങളിലും ഇപ്രകാരം ജോലി ചെയ്തുവരാണെന്ന് രേഖകളിൽ നിന്നും വ്യക്തമാണ്. വ്യക്തമായ ഒരു കരാർ പോലുമില്ലാതെയാണ് ടി ജീവനക്കാർ ജോലിയിൽ തുടർന്ന് പോരുന്നത് വർഷങ്ങളായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | തസ്തിക | കാര്യാലയം |
|---|---|---|
| ബൽക്കീസ്.ടി. | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് അബു സൂഫിയാൻ | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് ഷരീഫ് | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| അബ്ദുള്ളക്കുട്ടി | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| ആബിദ.കെ | സ്വീപ്പർ | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| അനീസ് മോൻ.പി.പി. | ഡ്രൈവർ (Vice president ) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് സാദിഖ് | ഡ്രൈവർ (പ്രസിഡണ്ട്) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| നൗഷാദലി .പി. | ഡ്രൈവർ (സെക്രട്ടറി) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| അബ്ദുൽ ബഷീർ | വാച്ച് മാൻ | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് ഷാഫി ആമിയാൻ | ടൈപ്പിസ്റ്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |
| മുഹമ്മദ് സജീർ | ക്ലർക്ക് | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |
| വിനോദ്.എം. | ഓവർസിയർ | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |

സ്ഥിരം ജീവനക്കാരുടെ ഒഴിവിലോ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ അല്ല, മേൽപ്പറഞ്ഞവരെ നിയമിച്ചതെന്നു കാണുന്നു.ജി.ഒ.(പി)28/2016/ഫിൻ തീയതി 26/02/16 പ്രകാരം, അടിയന്തിര ഘട്ടങ്ങളിൽ, കരാർ വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ 179 ദിവസത്തിൽ അധികരിക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ തസ്തികകൾ തുടർന്നു കൊണ്ടു പോകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിയും ആവശ്യമാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടാൽ, നിയമനം നടത്തിയ, വേതനം നൽകിയ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ നിയമനത്തിൽ മേൽ പരാമർശിച്ച വ്യവസ്ഥകളൊന്നും പാലിക്കപ്പെട്ടിട്ടില്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാതെ ഇത്തരത്തിൽ താത്കാലിക ജീവനക്കാർ തുടരുന്നത് ക്രമപ്രകാരമല്ല. ഇത്തരം ജീവനക്കാർക്ക് വേതനം നൽകുന്നതിന് ഓരോ മാസവും വലിയ സംഖ്യ ചെലവഴിക്കുന്നുണ്ട്. 2017-18 വർഷത്തിൽ (01.04.17 മുതൽ 31.12.17വരെ ) ഇത്തരത്തിൽ ചെലവഴിച്ച വേതന വിവരം താഴെ ചേർക്കുന്നു.

| മാസം | ആകെ വേതനയിനത്തിലെ ചെലവ് |
|---|---|
| മാർച്ച് | 192575 |
| | |

| | |
|---|---|
| ഏപ്രിൽ | 168300 |
| മെയ് | 201155 |
| ജൂൺ | 199330 |
| ജൂലൈ | 203035 |
| ആഗസ്റ്റ് | 185040 |
| സെപ്റ്റംബർ | 156580 |
| ഒക്ടോബർ | 194360 |
| നവമ്പർ | 204195 |
| **ആകെ** | **1704570** |

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/19-02-2018)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ പ്രകാരമല്ലാതെയുള്ള ദിവസ വേതനക്കാരുടെ നിയമനം സംബന്ധിച്ച് വ്യക്തമായ വിശദീകരണം/മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-2 സാമൂഹിക അർബുദ രജിസ്റ്റർ തയ്യാറാക്കൽ-പൂർത്തീകരണ വിവരമില്ല

പ്രൊജക്റ്റ് നം.684/2018

ബിൽ നം.07/2017-18/31.03.2018—538145

നിർവ്വഹണം- ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ജില്ലയിൽ വർദ്ധിച്ച വരുന്ന അർബുദരോഗത്തെക്കുറിച്ചും, തടയാവുന്ന കാരണങ്ങളെ കണ്ടെത്തുന്നതിനുമുള്ള ബോധന പ്രവർത്തനങ്ങളും വിവരശേഖരണവുമാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങളും നീക്കി വച്ച തുകയും താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വിവര ശേഖരണം നടത്തുന്നതിന് വേണ്ട ഫോറം അച്ചടി | 5000 |
| TOT പരിശീലനം- മെഡിക്കൽ ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് | 154000 |
| സ്ഥാപനതല പരിശീലനം | 566000 |
| സർവ്വേ | 275000 |
| സോഫ്റ്റ്‌വെയർ-IKM മായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ രജിസ്റ്റർ തയ്യാറാക്കൽ | 100000 |
| ആകെ | 1100000 |

സ്തനാർബുദ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകുക മാത്രമാണ് നിർവ്വഹണത്തിൽ ചെയ്യപ്പെട്ടിട്ടുള്ളത്. പരിശീലനം നൽകുന്നതിനായി SWING Pulikkal എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും 20.02.18 മുതൽ 14.03.18 വരെ 15 ബ്ലോക്ക് പഞ്ചായത്തുകളിൽ പരിശീലനം നൽകിയതിന് ചെലവായ തുക 538145 രൂപ അനുവദിച്ച നൽകുകയാണ് ചെയ്തത്. സർവ്വേ നടത്തിയതായി കാണുന്നില്ല. വിവരങ്ങൾ ശേഖരിച്ച് രജിസ്ട്രി തയ്യാറാക്കിയിട്ടില്ല. മറുപടി/വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/18.05.19)ക്ക് പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 2019-20 വർഷത്തിൽ പ്രൊജക്റ്റ് തയ്യാറാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് പൂർത്തീകരിക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

# 3-3 വൃക്ക രോഗികൾക്ക് കിഡ്നി പേഷ്യന്റ്സ് വെൽഫയർ

# സൊസൈറ്റി മുഖേന മരുന്ന് വാങ്ങി നൽകൽ- അപാകതകൾ.

**നി.ഉദ്യോഗസ്ഥൻ: ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)**

പ്രൊജക്ട് നംപർ : 661/2018

അടങ്കൽ: 10000000 രൂപ.

ട്രഷറി ബിൽ നംപർ: 3/17-18/23-12-17: 10000000 രൂപ.

| ഇൻവോയ്സ് നം. | : | തുക |
|---|---|---|
| 348/05-01-2018 | : | 6994978 |
| 350/06-01-2018 | : | 215128 |
| 367/19-01-2018 | : | 505451 |
| 383/03-02-2018 | : | 648685 |
| 391/09-02-2018 | : | 164827 |
| **ആകെ** | | 8529069 |

ഒരു കോടി രൂപയുടെ മരുന്ന് KMSCL ൽ നിന്ന് വാങ്ങി കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റിക്ക് നൽകുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്.നാളിതുവരെ 8529069 രൂപയുടെ മരുന്ന് കെ.എം.സി.എൽ. മുഖേന ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റിക്ക് മരുന്ന് വാങ്ങി നൽകുന്നതിന് നിലവിൽ സർക്കാർ അനുമതിയില്ല. ഇത്തരം പദ്ധതിക്ക് തുക വകയിരുത്തുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല.

2. കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ പാലിയേറ്റീവ് കെയർ യൂണിറ്റ് വഴിയാണ് രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നത്. എന്നാൽ, രോഗികൾക്കുള്ള മരുന്ന് വിതരണത്തിന് , ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ വിപുലമായ വികേന്ദ്രീകരണ സംവിധാനമുണ്ടെന്നിരിക്കേ, സ്വകാര്യ പാലിയേറ്റീവ് കെയർ യൂണിറ്റ് വഴി രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നത് ഒട്ടും ഉചിതവും സുതാര്യവുമല്ല. ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ PHC/CHC മുഖേന മരുന്ന് വിതരണം ചെയ്യാമെന്നിരിക്കേയാണ് ഇപ്രകാരം മരുന്ന് വിതരണം ചെയ്തിട്ടുള്ളത്.

പാലിയേറ്റീവ് പരിചരണം സംമ്പന്ധിച്ച GO (Rt)3217/2015/LSGD/29-10-15 നംപർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് രോഗികൾക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് 2017-18 വർഷത്തെ പദ്ധതി നടത്തിപ്പിനും ബാധകമാക്കിയിട്ടുണ്ട് . ഈ ഉത്തരവിന് വിരുദ്ധമായി മേൽ പ്രകാരം പദ്ധതി നടപ്പാക്കിയത് വിശദമാക്കേണ്ടതാണ്. ഈ ഇനത്തിലെ ചെലവ് ഒരു കോടി രൂപ തടസ്സം ചെയ്യുന്നു.

ലഭ്യമാക്കാൻ അവശേഷിക്കുന്ന 1470931രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്നുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ അപൂർണ്ണമായതിനാൽ പരിശോധിച്ചിട്ടില്ല. മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 3-4 എടവണ്ണ CHC യിലേക്ക് അനലോഗ് മാമോഗ്രഫി മെഷീൻ വാങ്ങൽ. ഉപകരണം പ്രവർത്തനക്ഷമമായില്ല

പ്രൊജക്ട് നം.1884/2018

ബിൽ നം.6/17-18/31.03.2018---31,00,000

നിർവ്വഹണം- ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ഉപകരണം വാങ്ങുന്നതിനായി മേൽപ്പറഞ്ഞ ബിൽ പ്രകാരം 31 ലക്ഷം രൂപ പിൻവലിച്ച് KMSCLതിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണം ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇല്ല. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം, AERB നിർദ്ദേശ പ്രകാരമുള്ള മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണം ലഭ്യമാക്കുന്നതാണെന്ന് DMO-യുടെ ഡി1/6556/18/13.05.18 കത്തിന് മറുപടിയായി KMSCL മാനേജിംഗ് ഡയറക്ടർ അറിയിച്ചതായി കാണുന്നു. (കെ.എം.എസ്.സി.എൽ/ ഇപി/82/2016/25.09.18) അടിസ്ഥാന സൗകര്യങ്ങളോ ആവശ്യമായ സജ്ജീകരണങ്ങളോ ഒരുക്കാതെ വികസനഫണ്ട് മുൻകൂറായി പിൻവലിച്ച് നൽകിയത് ക്രമപ്രകാരമല്ല. അനലോഗ് മാമോഗ്രഫി മെഷീൻ ലഭ്യമായില്ലെന്നും ഉടൻ ലഭ്യമാക്കണമെന്നും DMO യുടെ 10.01.19 ലെ ഡി1/6556/18 കത്തിലൂടെ വീണ്ടും ആവശ്യപ്പെട്ടതായി കാണുന്നു.

20.05.2019 ന് എടവണ്ണ CHC യിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 09.02.2019 ന് ഉപകരണം ലഭ്യമായതായി ബോധ്യപ്പെട്ടു. (ഇൻവോയ്സ് നം.224/08.02.19) എന്നാൽ ഉപകരണം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയായിട്ടില്ല. ആശുപത്രി കോമ്പൌണ്ടിൽ കാൻസർ നിർണ്ണയ സെന്ററിനായി തുടങ്ങിയ കെട്ടിടത്തിൽ മെഷീൻ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ആശുപത്രിയിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയില്ല എന്നതിനു പുറമേ അഡീഷനലായി ഡോക്ടർ, ടെക്നിക്കൽ സ്റ്റാഫ് മറ്റു ജീവനക്കാർ എന്നീ തസ്തികകളൊന്നും പുതുതായി സൃഷ്ടിക്കുകയോ നിയമനം നടത്തുകയോ ചെയ്തിട്ടില്ല. ആവശ്യമായ മുന്നൊരുക്കങ്ങളൊന്നും നടത്താതെയാണ് 31 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളത് എന്നത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപകരണം എടവണ്ണ CHC യിൽ പ്രവർത്തന സജ്ജമാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
വാങ്ങിയ ഉപകരണം പ്രയോജനപ്പെടുത്താതെ, ചെലവ് തുക പാഴ്ചെലവാകുന്ന സാഹചര്യം ഉണ്ടാകുന്നില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ഉപകരണം പ്രവർത്തനസജ്ജമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 ഓമാനൂർ പുലരി ന്യൂട്രിമിക്സ് - പൌച്ച് പാക്കിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| നിർവഹണം : ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | പ്രൊജക്ട് നമ്പർ: S0635/2017-18 |
| തുക : 19,45,910 (വികസന ഫണ്ട് ജനറൽ) | ബിൽ നമ്പർ : 13/17-18 തിയ്യതി : 29-03-2018 |

ചീക്കോട് ഗ്രാമപഞ്ചായത്തിലെ പുലരി ന്യൂട്രിമിക്സ് യൂണിറ്റിന് 19,45,910/- രൂപ ചെലവഴിച്ചുകൊണ്ട് മെഷിനറികൾ വാങ്ങി നൽകിയിട്ടുണ്ട്. പൗച്ച് പാക്കിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങിച്ച് നൽകുന്നതുവഴി ഉൽപാദന വർധനവും അതുവഴി വരുമാന വർദ്ധനവുമാണ് മേൽ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. 14-11-2016 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.44 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് 7 ലക്ഷം രൂപയും, മലപ്പുറം ജില്ലാ പഞ്ചായത്ത് 1946000 രൂപയും ഉൾപ്പെടെ ആകെ 2646000 രൂപ അടങ്കലിൽ പുലരി അമൃതം ന്യൂട്രിമിക്സ് യൂനിറ്റിന് ഉയർന്ന സാങ്കേതിക മികവുള്ള ഫ്ലോറിംഗ്, പൾവറൈസിംഗ് മോഡൽ ന്യൂട്രിമിക്സ് മെഷീൻ സ്ഥാപിച്ച് നൽകുന്നതിനുള്ള അനുമതി നൽകിയിരുന്നു.

പൗച്ച് പാക്കിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ M/s Metal Age Machineries എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച ടെണ്ടർ ഭരണ സമിതിയുടെ 28.03.2018 ലെ യോഗത്തിന്റെ 2(10) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും പർച്ചേസ് ഓർഡർ നൽകുന്നതിന് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 623/A2/16/KSMPM Dtd. 24.03.2018 പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി ചുവടെ ചേർക്കും പ്രകാരം മെഷിനറി വാങ്ങിച്ചിട്ടുണ്ട്.

| Description of Goods | Quantity | Amount | Invoice No. |
|---|---|---|---|
| Cup Elevator | 1 | 8,69,660/- | M/0102 Dated. 27.03.2018 |
| Roaster – Fire Wood | 1 | | |
| Screw Feeder | 1 | | |
| Motor 20 Hp | 1 | | |
| Screw Feeder | 1 | | |
| Destoner with Aspirator & Grader | 1 | 10,76,250/- | M/0103 Dated. 27.03.2018 |
| Rice Washing Machine | 1 | | |
| Sifter | 1 | | |
| Hammer Mill SS Lined | 1 | | |

പദ്ധതി രൂപീകരണ രേഖകൾ, പഠന റിപ്പോർട്ട്, നൽകിയ മെഷിനറികൾ സ്ഥാപനത്തിൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കിയതിന്റെ റിപ്പോർട്ട്, സ്ഥാപനവുമായുള്ള കരാർ എന്നിവ ലഭ്യമാക്കുവാൻ 4/09.05.2019 നമ്പർ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടു. പദ്ധതിയിലൂടെ സ്ഥാപനത്തിന് കൈമാറിയ മെഷിനറികൾ യൂണിറ്റിൽ സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ സ്ഥാപനവുമായി യാതൊരു ഉടമ്പടിയും വെച്ചിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

ഓഡിറ്റിന്റെ ഭാഗമായി 16.05.2019 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ സ്ഥാപനം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ ഉപകരണങ്ങളൊന്നും തന്നെ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്ന ബോധ്യപ്പെട്ടു. സ്ഥാപനം പ്രവർത്തിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ മേൽ മെഷിനറികൾ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരിശോധനാ തിയതിയിലും ഒരുക്കിയിട്ടില്ല എന്ന് വ്യക്തമായി. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 7 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് നൽകിയ ഉപകരണങ്ങളും നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്നും കണ്ടു.

മെഷിനറി വിതരണം ചെയ്ത സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ ഒരു വർഷമാണ് മെഷീനുകൾക്ക് വാറണ്ടി നൽകിയത്. നാളിതുവരെ മെഷിനറി പ്രവർത്തനം ആരംഭിക്കാത്തതിനാൽ വാറണ്ടി കാലയളവ് ഉപകാര പ്രദമാവാതെ കഴിഞ്ഞു. ഇത്രയും വലിയ തുകയുടെ മെഷിനറികൾ കൈമാറിയിട്ടും സ്ഥാപനവുമായി യാതൊരു ഉടമ്പടിയും വെയ്ക്കാത്തത് നിർവഹണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

ജില്ലാ പഞ്ചായത്ത് പരിധിയിൽ അനേകം ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉണ്ടായിരിക്കെ ഉത്പാദന വർദ്ധനവും ഇതുവഴി വരുമാന വർദ്ധനവും ലക്ഷ്യമിട്ട ഈ പദ്ധതിക്കായി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത, പുലരി ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത്, മെഷിനറി വാങ്ങി നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 21/18.05.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. മെഷിനറികൾ യൂണിറ്റിൽ ലഭ്യമാക്കിയതിനുശേഷമാണ് ഇത്രയും മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേക ട്രാൻസ്ഫോർമർ തന്നെ സ്ഥാപിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കിയതെന്നും അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 പദ്ധതിയിൽ തുക വകയിരുത്തി ട്രാൻസ്ഫോർമർ സ്ഥാപിച്ചുകിട്ടുന്ന മുറക്ക് യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. പദ്ധതി രൂപീകരണ വേളയിൽ വേണ്ടത്ര പഠനം നടന്നിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

അമൃതം ന്യൂട്രിമിക്സ്, മറ്റ് ഉപ ഉത്പന്നങ്ങൾ എന്നിവ 100% യന്ത്രങ്ങളുടെ സഹായത്തോടെ ഹൈജിനിക് പാക്കിംഗിലൂടെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിക്കായി യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത സ്ഥാപനത്തിന് മെഷിനറി വാങ്ങി നൽകിയത് മൂലം തുക ചെലവഴിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ലക്ഷ്യം നേടിയില്ല. പ്രൊജക്ടിനായി ചെലവഴിച്ച തുക നാളിതുവരെ ഉപയോഗപ്രദമാവാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 19,45,910/- രൂപ തടസ്സം ചെയ്യുന്നു.

# 3-6 ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയത് അംഗീകരിക്കുന്നില്ല.

| | |
|---|---|
| പദ്ധതി | എടക്കര അഗ്രോ പ്രൊഡ്യൂസേഴ്സ് കമ്പനിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (SO 633/2018) |
| തുക | 12,21,700/- |
| ബിൽ നമ്പർ | ബി.നം. 17/17-18 തിയതി.31.03.2018 |
| നിർവഹണം | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |

ക്ലൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിത്തുത്പാദനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. എടക്കര അഗ്രോ പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് 1225/എ.ബി./2015/കെ.എസ്.എം.പി.എം. തീയതി 27-09-2016 ഓർഡർ പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന തുക നൽകുകയാണ് മേൽ പദ്ധതിയിലൂടെ ചെലവ് ചെയ്തിട്ടുള്ളത്. വിതരണം ചെയ്ത മെഷിനറികളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item Name | Quanity | Amount (including Tax) | Invoice No. & Date |
|---|---|---|---|---|
| 1 | Sarahs Techo Rice Washer | 1 | 137500 | UA-031/2016 05.01.2017 658905.00 |
| 2 | Sarahs Techo Double Stage Double Head Mill | 1 | 118600 | |
| 3 | Sarahs Techo Rice Steamer | 1 | 143800 | |
| 4 | Sarahs Techo Baby Boiler | 1 | 119505 | |
| 5 | Sarahs Techo Electric Roaster 25 Kg | 1 | 79500 | |
| 6 | Sarahs Techo Powder Shifter | 1 | 60000 | |
| 7 | YORKO Stery HP Cylindrical Horizontal Sterilizer | 1 | 374400 | UA-969/2016 Date- 17.01.2017 |
| 8 | YORKO Horizontal Laminar Air Flow Cabinet | 1 | 144000 | |
| 9 | Mini Band Sealer Horizontal/ Vertical Type Sealing & SATHYAM Electron Weighing Balance | 1 | 54000 | UA-970/2016 Date- 17.01.2017 |
| | | ആകെ | 12,31,305 | |

ആകെ 12,31,305/-രൂപയാണെങ്കിലും 12,21,700/-രൂപയാണ് കമ്പനിക്ക് നൽകിയിട്ടുള്ളത്. മെഷിനറിക്ക് ഓർഡർ നൽകിയത് 27-09-2016ൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായിരുന്ന ശ്രീ. മുഹമ്മദ് ഇസ്മായിൽ ആയിരുന്നു. എന്നാൽ യൂണിവേഴ്സൽ ഏജൻസീസിന് പണം നൽകിയത് 31-03-2018ലെ കോ-ഓർഡിനേറ്റർ ആയ ശ്രീമതി സി.കെ.ഹേമലതയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭ സംഘങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് മികവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഗുണഭോക്താക്കളെ തീരുമാനിക്കേണ്ടത്. എന്നാൽ ഇവിടെ എടക്കര അഗ്രോ പ്രൊഡ്യൂസേഴ്സ് എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കാണ് 12,21,700/- രൂപയുടെ ഉപകരണങ്ങൾ അനുവദിച്ചിരിക്കുന്നത്. ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് പൊതു ഫണ്ട് അനുവദിക്കുന്നതിന് നിലവിൽ നിയമ സാധുതയില്ല. മേൽ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനത്തിന്

കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർ മുഖേന ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതം നൽകിയ നടപടി ക്രമവിരുദ്ധമാണ്.

20.05.2019 ന് ജില്ലാ കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥരുടെയും കമ്പനി ഭാരവാഹികളുടേയും സാന്നിധ്യത്തിൽ സ്ഥാപനം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ ഉപകരണങ്ങളെല്ലാം കാണാൻ സാധിച്ചെങ്കിലും ഉപയോഗ ശൂന്യമായ വസ്തുക്കൾ ഇവയുടെ മുകളിൽ കൂട്ടിയിട്ട രീതിയിലാണ് കണ്ടത്. മെഷിനറികൾ ഒരുപാട് നാളായി ഉപയോഗിക്കുന്നില്ലെന്നത് വ്യക്തമാണ്. ഉത്പന്നങ്ങൾ നിർമ്മിക്കുവാനാവശ്യമായ അസംസ്കൃത വസ്തുക്കളോ, ഉത്പന്നങ്ങളോ ഒന്നും തന്നെ കമ്പനിയിൽ സൂക്ഷിച്ചതായി കണ്ടതുമില്ല. മറ്റ് പ്രവൃത്തികൾക്കായുള്ള ഇരുമ്പു കമ്പികളും മറ്റ് വസ്തുക്കളും ഹാളിലും ഉപകരണങ്ങൾക്കുമുകളിലും കൂട്ടിയിട്ട നിലയിലാണ് ( നിലവിൽ മുട്ട ഗ്രാമം പദ്ധതിക്കുള്ള കോഴിക്കൂട് നിർമ്മിച്ചു നൽകുന്ന പ്രവൃത്തിയാണ് ചെയ്തു വരുന്നത് ) . .





കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ആധുനിക യന്ത്രങ്ങൾ വാങ്ങുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നതെങ്കിലും വാങ്ങിയവയിൽ ഭൂരിഭാഗവും ധാന്യങ്ങൾ പൊടിക്കുന്നതിനും മറ്റുമുള്ള യന്ത്രങ്ങളാണ്. ഇവയിൽ Sarahs Techo Powder Shifter ആവശ്യമില്ലാത്തതിനാൽ നാളിതു വരെ ഉപയോഗിച്ചിട്ടില്ലെന്ന് എടക്കര അഗ്രോ പ്രൊഡ്യൂസേഴ്സ് കമ്പനി മാർക്കറ്റിംഗ് ഡയറക്ടർ അറിയിച്ചു.



കൂടാതെ കൂൺ വിത്തുത്പാദനത്തിനായി വാങ്ങിയ ഉപകരണം പ്രവർത്തിക്കാനാവശ്യമായ കുറഞ്ഞ താപനില ക്രമീകരിക്കാൻ air conditioner ഉപയോഗിച്ചാൽ പോലും നിലവിലെ കെട്ടിടത്തിൽ ( ഷീറ്റ് മേഞ്ഞതായതിനാൽ ചൂട് കൂടുതലാണ്) സാധിക്കുന്നില്ലെന്നും ആയതിനാൽ ഉപകരണം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ലെന്നും അറിയിച്ചു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24/ 22.05.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിരമായി ഇടപെട്ട് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നല്കി.

സർക്കാർ അനുമതിയില്ലാതെ പദ്ധതി പണം സ്വകാര്യ കമ്പനിക്ക് വേണ്ടി ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. ചെലവ് തുക 1221700/-രൂപ ഉപകരണങ്ങൾക്ക് പർചേസ് ഓർഡർ നൽകിയ ( 27-09-2016) നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ. മുഹമ്മദ് ഇസ്മായിൽ.കെ.യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 കുടുംബശ്രീ യൂണിറ്റുകളിലേക്ക് ന്യൂട്രിമിക്സ് പൗഡർപാക്കിംഗ് മെഷീൻ വാങ്ങൽ - അപാകതകൾ

നിർവഹണം : ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ

പ്രൊജക്റ്റ് നമ്പർ :SO 639/17-18

തുക : 22,22,840/-(വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ : 14/17-18 തിയ്യതി : 29-03-2018

ജില്ലയിലെ 6 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പൗഡർപാക്കിംഗ് മെഷീൻ എന്ന മേൽ പദ്ധതിയുടെ നിർവഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ M/s Metal Age Machineries എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച ടെണ്ടർ ഭരണ സമിതിയുടെ 28.03.2018 ലെ യോഗത്തിന്റെ 2(10) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, 623/A2/16/KSMPM Dtd. 24.03.2018 പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിലും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ യുടെ സപ്ലൈ ഓർഡറിലും രേഖപ്പെടുത്തിയ ലഭ്യമാക്കേണ്ട മെഷിനറികളുടെ വില വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Quantity | Rate |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | Screw Feeder- Feeding Powder to Packing Machine | 6 | 6,00,000 |
| 2 | SS Lined Hammermill | 6 | 13,20,000 |
| | GST 18% (Item No1) | | 1,08,000 |
| | GST 5% (Item No2) | | 66,000 |
| | Grant Total | | 20,94,000 |

ഫയൽ പരിശോധിച്ചതിൽ സ്ഥാപനം മേൽ മെഷിനറികൾ അംഗീകൃത ടെണ്ടറിലെ വിലയേക്കാളും കൂടിയ വിലക്കാണ് സപ്ലൈ ചെയ്തിട്ടുള്ളത്. വിശദവിവരം ചേർക്കുന്നു.

| Description of Goods | Quantity | Amount | Invoice No. |
|---|---|---|---|
| Screw Feeder- Feeding Powder to Packing Machine | 6 | 7,52,840 (GST 18%ഉൾപ്പെടെ) | M/0104 Dated. 27.03.2018 |
| Hammer Mill SS Lined | 6 | 14,70,000 (GST 18%ഉൾപ്പെടെ) | M/0101 Dated. 27.03.2018 |
| Total Amount | | 22,22,840/- | |

അധികം നൽകിയ വില രൂപ 1,28,840/-

14/17-18 തിയ്യതി 29-03-2018നമ്പർ ബിൽ പ്രകാരം 22,22,840/- രൂപ സുധീഷ്, മാനേജിംഗ് പാർട്ണർ, മെറ്റലേജ് മെഷിനറീസിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പുളിക്കൽ, മൊറയൂർ, ആനക്കയം, ഊർങ്ങാട്ടിരി, ഇവ്വൂർ, കീഴുപറമ്പ്, പെരുമ്പടപ്പ് എന്നീ സ്ഥലങ്ങളിലെ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ ആണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. ജില്ലയിലെ കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും മേൽ പറഞ്ഞ 6 എണ്ണത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

മെഷിനറികൾ വിതരണം ചെയ്യപ്പെട്ട 6ന്യൂട്രിമിക്സ് യൂണിറ്റുകളിൽ 16.05.2019, 02-09-2019, 03-09-2019 എന്നീ തീയതികളിൽ കുടുംബശ്രീ ഉദ്യോഗസ്ഥരുടെയും ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാരുടെയും സാന്നിധ്യത്തിൽ സന്ദർശിച്ചു. M/0104 Dated. 27.03.2018, M/0101 Dated. 27.03.2018 എന്നീ ഇൻവോയ്സുകൾ പ്രകാരമുള്ള Screw Feeder, Hammer Mill SS Lined എന്നിവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ 2017-18 പദ്ധതി പ്രകാരം പാക്കിംഗ് മെഷീൻ എന്ന ഉപകരണമാണ് ലഭിച്ചതെന്നും എന്നാൽ ഇതിൽ ഉപയോഗിക്കുന്നതിനുള്ള Roll Sheet – Cover ലഭിച്ചിട്ടില്ലാത്തതിനാൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ലെന്നും ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികൾ രേഖാമൂലം അറിയിച്ചു. പരിശോധന നടത്തിയ 6 യൂണിറ്റുകളിലും 2017-18 പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായി പറയുന്ന പാക്കിംഗ് മെഷീൻ ജില്ലാ പഞ്ചായത്ത് വാങ്ങിയതു സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ടെണ്ടർ പ്രകാരം വിതരണം ചെയ്യേണ്ട മെഷിനറികൾക്ക് പകരം പാക്കിംഗ് മെഷിൻ വാങ്ങുന്നതിനുള്ള തീരുമാനം ഭരണ സമിതി അംഗീകരിച്ചത് സംബന്ധിച്ച രേഖകളും ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 5/09.05.2019, 21/18.05.2019 ഓഡിറ്റ് എൻക്വയറികൾ നൽകി. ഇവക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

Hammer Mill - SS Lined പൊടിക്കുന്നതിനായുള്ള ഉപകരണമാണ്. നിലവിൽ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ ഇതിനായുള്ള ഉപകരണം ഉപയോഗിച്ചു വരുന്നതിനാലും Screw Feeder എന്നത് പാക്കിംഗ് മെഷീന്റെ അനുബന്ധ ഉപകരണവുമായതിനാൽ ഉപയോഗിക്കാൻ സാധിക്കാതെ വരും . ആയതിനാലാണ് ഈ ഉപകരണങ്ങൾക്ക് പകരം ഏജൻസിയിൽ നിന്നും പാക്കിംഗ് മെഷീൻ വാങ്ങി നൽകിയത് എന്നും അറിവില്ലായ്മകൊണ്ടാണ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതിരുന്നതെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല.

യൂണിറ്റുകളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മെഷിനറികൾ ഏതെല്ലാമാണ്, യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായതെന്ത് എന്ന് വിശദമായ പഠനം നടത്തി, ആയതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിൽ പദ്ധതി രൂപീകരണ ഘട്ടത്തിലും നിർവഹണത്തിലും വീഴ്ച സംഭവിച്ചതായി കാണുന്നു. ആയതിന് യുക്തമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ ന്യൂട്രിമിക്സ്

യൂണിറ്റുകളിൽ വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമായതിനാൽ 22,22,840/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ചെലവ് തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിൽ മരാമത്ത് പ്രവൃത്തി നടത്തിയത് അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 639/2017-18 |
| തുക | 13,13,000/- (വികസന ഫണ്ട് ജനറൽ) |
| നിർവഹണം | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |

കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അതുവഴി കുടുംബശ്രീ വനിതകൾക്ക് വരുമാനം കണ്ടെത്തുന്നതിനുമായി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലാതല മാസചന്ത നടത്തുന്നതിനും, 3 സ്ഥിരം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഫർണിച്ചർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനുമാണ് മേൽ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

<u>1-ജില്ലാതല മാസ ചന്തകൾ</u>

പദ്ധതി അനുസരിച്ച് ഒരു മാസത്തിൽ 5 ദിവസം ചന്ത നടത്തുന്നതിനായി ഒരു മാസത്തേക്ക് 40,000/- രൂപ ചെലവഴിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി നടത്തിയ ചന്തകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | മാസം/ തിയതി | സ്ഥലം | ചെലവ് വിവരം |
|---|---|---|---|
| 1 | 2017 ഒക്ടോബർ 19-21 | താനൂർ | 40,000/- ബി.നം. 1/17-18 – 08.11.2017 |
| 2 | 2017 നവംബർ 27-29 | വേങ്ങര | 40,000/- ബി.നം. 2/17-18 – 11.01.2018 |
| 3 | 2017 ഡിസംബർ 21-23 | ആലത്തിയൂർ | 40,000/-ബി.നം. 3/17-18 – 25.01.2018 |
| 4 | 2017 ഡിസംബർ 25-30 | പൊന്നാനി | 40,000/- ബി.നം. 4/17-18 – 25.01.2018 |
| 5 | 2017 ഡിസംബർ 25-30 | പൊന്നാനി | 40,000/- ബി.നം. 5/17-18 – 25.01.2018 |
| 6 | 2018 ഫെബ്രുവരി 21-23 | കോഡൂർ- ചട്ടിപ്പറമ്പ് | 40,000/-ബി.നം. 8/17-18 – 28.02.2018 |
| 7 | 2018 മാർച്ച് 16-18 | എടവണ്ണ | 40,000/- ബി.നം. 10/17-18 – 28.03.2018 |
| 8 | 2018 മാർച്ച് 23-27 | അങ്ങാടിപ്പുറം | 40,000/- ബി.നം. 16/17-18 – 28.03.2018 |

ക്രമനം. 1,2,3,6,7 എന്നിവകളിൽ മൂന്ന് ദിവസങ്ങളിലാണ് ചന്ത നടത്തിയിട്ടുള്ളത്. എന്നാൽ ആനുപാതികമായി തുക കുറവ് ചെയ്യാതെ 40,000/- രൂപ ചെലവഴിച്ചതായി കാണുന്നു. 25.12.2017 മുതൽ 30.12.2017 വരെ തിയ്യതികളിൽ പൊന്നാനിയിൽ വെച്ച് നടന്ന കാർഷിക വിപണന മേളയിൽ **'ഉമ്മാന്റെ വടക്കിനി** ' ഭക്ഷ്യ വിപണന മേളക്ക് സ്റ്റാൾ ഒരുക്കിയ വകയിൽ പൊന്നാനിയിലെ ശ്രീ ദുർഗ്ഗ ലൈറ്റ് & സൌണ്ട്സിന് ബി.നം 4/17-18 തിയതി. 25.01.2018 , ബി.നം 5/17-18 തിയതി. 25.01.2018 എന്നീ ബില്ലുകൾ പ്രകാരം 80000/- ( 40,000/- + 40000/-) രൂപ നൽകിയിട്ടുണ്ട്. പദ്ധതിക്കു വിരുദ്ധമായി ഒരേ മേളയിലെ ഭക്ഷ്യ വിപണന മേളക്ക് സ്റ്റാൾ ഒരുക്കിയ വകയിൽ ഇത്തരത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് 25.12.2017 മുതൽ 30.12.2017 വരെ തിയ്യതികളിൽ പൊന്നാനിയിൽ വെച്ച് നടന്ന കാർഷിക വിപണന മേളയിൽ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഭക്ഷ്യ മേളയോടൊപ്പം സംരംഭകരുടെ ഉൽപ്പന്ന വിപണന മേളയും നടത്തിയതിനാലാണ് രണ്ട് ബില്ലുകൾ പ്രകാരം 80000/- രൂപ ചെലവഴിച്ചതെന്ന മറുപടിയാണ് ലഭിച്ചത്. ആയത് അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കു വിരുദ്ധമായി ചെലവഴിച്ച 40,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

<u>2-സ്ഥിരം വിപണനകേന്ദ്രങ്ങൾ</u>

പദ്ധതിയുടെ ഭാഗമായി വാഴയൂർ , തെന്നല , നന്നംമുക്ക് എന്നീ പഞ്ചായത്തുകളിൽ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഫർണിച്ചർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റേയും പ്രസ്തുത വിപണന കേന്ദ്രങ്ങൾ നേരിൽ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കണ്ടു.

സ്ഥിരം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തിയ വാഴയൂർ , തെന്നല , നന്നംമുക്ക് പഞ്ചായത്തുകളിലെ കേന്ദ്രങ്ങളിൽ 200ച.അടി വിപണന കേന്ദ്രത്തിൽ Flooring, Interior Work, Painting, Name Board & Sticker Work, Front Glass Partition, Chair Weighing Machine എന്നിവ ഒരുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ( 5464/A1/14/KSMPM Dtd.25.01.2017) ഏറ്റവും കുറഞ്ഞ നിരക്ക് (2,95,000/-) ക്വാട്ട് ചെയ്ത പെന്റാ കൺസ്ട്രക്ഷൻസ്, മഞ്ചേരി എന്ന സ്ഥാപനത്തിന്റ ക്വട്ടേഷൻ അംഗീകരിക്കുകയും ( ഭരണ സമിതിയുടെ 28.02.2017 ലെ 6(33) തീരുമാനം )തെന്നല , നന്നംമുക്ക് ,വാഴയൂർ എന്നീ പഞ്ചായത്തുകളിലെ വിപണന കേന്ദ്രങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് താഴെപ്പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | വാഴയൂർ | 7/17-18 തി. 20.02.2018 | 3,31,000/- |
| 2 | തെന്നല | 9/17-18 തി. 09.03.2018 | 3,31,000/- |
| 3 | നന്നംമുക്ക് | 15/17-18 തി. 28.03.2018 | 3,31,000/- |

ഒരു വിപണന കേന്ദ്രത്തിലെ വർക്കിന് വർക്ക് ഓർഡർ (5464/A1/14/KSMPM തിയതി. 20.12.2017 ) പ്രകാരം 295000/- രൂപയാണ് പദ്ധതിയിൽ അനുവദിച്ചിട്ടുള്ളത്. ഇത് പരിഗണിക്കാതെ ഒരു യൂണിറ്റിന് 3,31,000/- രൂപ അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി വിപണന കേന്ദ്രങ്ങളിൽ നേരിട്ട് പരിശോധിച്ചതിൽ കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതിയിലുള്ളതാണ് എന്ന് കണ്ടു.

കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അതുവഴി കുടുംബശ്രീ വനിതകൾക്ക് വരുമാനം കണ്ടെത്തുന്നതിനുമാണ് സ്ഥിരം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിട്ടത്. വാഴയൂർ കേന്ദ്രത്തിനായി ഒരുക്കിയ പ്രസ്തുത കെട്ടിടത്തിൽ നിലവിൽ കുടുംബശ്രീ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല. പരിശോധനാ

സമയത്ത് ചെരുപ്പ് കട ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.




തെന്നല കേന്ദ്രത്തിന്റെ കെട്ടിടം ശ്രീ. മൊയ്തീൻ ഹാജി, ആറാട്ടു തൊടിക എന്നയാളുടെ ഉടമസ്ഥതയിലുള്ള 5/104(F) നമ്പർ കടമുറിയാണ്. മരാമത്ത് പ്രവൃത്തി 07.03.2018 ന് പൂർത്തിയാക്കി തുക കൈമാറിയതായി ബന്ധപ്പെട്ട ഫയലിൽ നിന്ന് വ്യക്തമാണ്. എന്നാൽ സ്ഥാപനം 15.10.2018 മുതലാണ് പ്രവർത്തിച്ചു തുടങ്ങിയത്. ആരംഭത്തിൽ ദിവസേന ശരാശരി 1000 രൂപയുടെ വിറ്റുവരവ് ഉണ്ടായിരുന്നെങ്കിലും തൊട്ടടുത്ത മാസങ്ങളിൽ തന്നെ വിൽപ്പനയിൽ വലിയ കുറവ് വന്നതായി വിപണനകേന്ദ്രത്തിലെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബോധ്യമായി. 2019 മെയ് മാസത്തിലെ വിറ്റുവരവ് 90/- രൂപയാണ്.

നന്നംമുക്കിൽ പ്രവർത്തിക്കുന്ന കേന്ദ്രം ശ്രീ. ഉമ്മർ പടിഞ്ഞാറെ വളപ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/433 നമ്പർ കടമുറിയാണ്.





അപാകതകൾ സൂചിപ്പിച്ച് എൻക്വയറികൾ (6/ 09.05.2019, 26/ 22.05.2019) നൽകുകയുണ്ടായി. കുടുംബ ശ്രീ ജില്ലാ മിഷനെ അറിയിക്കാതെയാണ് വാഴയൂരിലെ വിപണന കേന്ദ്രം നിർത്തലാക്കിയിട്ടുള്ളതെന്നും ഓഡിറ്റുമായി ബന്ധപ്പെട്ട് കേന്ദ്രം സന്ദർശിക്കുന്ന അവസരത്തിലാണ് കേന്ദ്രം നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടതെന്നും മറുപടി നൽകി. ഒരു കേന്ദ്രത്തിന് ഒരു വർഷത്തെ വാടകയായി നിശ്ചയിച്ച 36000/- ( 12X3000) രൂപ ഉൾപ്പടെയുള്ള 3,31.000/- രൂപ പെന്റാ കൺസ്ട്രക്ഷന് അനുവദിച്ചിരുന്നെങ്കിലും അധികം നൽകിയ 36000x3= 1,08,000/- രൂപ അതാതു സി.ഡി.എസുകൾക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഈ തുക കുടുംബശ്രീ അക്കൌണ്ടിൽ വരവ് വെച്ചതിനോ തുടർന്ന് അതാതു സി.ഡി.എസ് അക്കൌണ്ടുകളിലേക്ക് കൈമാറിയതിനോ രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുകയുടെ ചെലവ് തടസ്സം ചെയ്യുന്നു.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലല്ലാത്ത കെട്ടിടങ്ങളിൽ പൊതുഫണ്ട് ഉപയോഗിച്ച് മരാമത്ത് പ്രവൃത്തി നടത്തിയ നടപടി അംഗീകരിക്കുന്നില്ല. വാടകക്ക് അനുവദിച്ചതായി പറയുന്ന 36000 x 3 = 108100/-രൂപ കഴിച്ച് 885000/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആകെ നഷ്ട തുക 40000 + 885000 =925000 രൂപയുടെ ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-9 തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതി (ABC Programme)- നിർവ്വഹണത്തിലെ അപാകതകൾ

2017 ജനവരി മുതലാണ് ABC പദ്ധതി ജില്ലയിൽ തുടങ്ങിയത്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം 21.01.2017 മുതൽ 31.07.2017 വരെ 1,24,17,100 രൂപ ലഭിച്ചിട്ടുണ്ട്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക, വിനിയോഗിച്ച തുക, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമായിട്ടില്ല. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-സ.ഉ (എം.എസ്)നം.80/2017/തസ്വഭവ. തീ.03.04.2017-സബ്സിഡി മാർഗ്ഗരേഖ പ്രകാരം ABC പദ്ധതി രണ്ട് രീതിയിൽ നടപ്പാക്കാവുന്നതാണ്. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുമ്പോൾ ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സന്നദ്ധസംഘടനക്ക് നൽകാവുന്ന പരമാവധി തുക 1900 രൂപയാണ്. തദ്ദേശസ്വയംഭരണസ്ഥാപനം നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജൻ, മൃഗപരിപാലകർ, ഓപ്പറേഷൻ തിയേറ്ററിലെ സഹായി എന്നിവർക്കുള്ള വേതനം, ശുചീകരണ പ്രവർത്തനങ്ങൾ,ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ ഈ രണ്ടു രീതികളും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.ഹ്യൂമൻ സൊസൈറ്റി ഇന്റർനാഷണൽ ഇൻഡ്യ (HSI) എന്ന ഏജൻസിയെ പദ്ധതി നിർവ്വഹണത്തിനായി ഏൽപ്പിക്കുകയും CCTV മോണിറ്ററിംഗിനായി ഒരാളെ നിയമിക്കുകയും 4/17 മുതൽ 9/18 വരെ 435399 രൂപ വേതനം അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ HSI യുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്, കുടിവെള്ളം എന്നിവയുടെ ചെലവുകൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. 09/2017 മുതൽ 04/2019 വരെയുള്ള ആകെ ചെലവ് തരം തിരിച്ച് താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| HSI ക്ക് നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന് നൽകിയത് | 3618307<br>2/17 മുതൽ 30.04.18 വരെ ഒരു നായക്ക് @1300.15<br>01.05.18 മുതൽ 09/18 വരെ @1800 |
| ശ്രീ. ഉമേഷ.എസ്. CCTV സൂപ്പർവൈസർക്ക് നൽകിയ വേതനം | 435399/- (2/18,8/18,9/18 എന്നീ മാസങ്ങളിൽ പ്രവർത്തി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായി മറ്റു മാസങ്ങളിൽ പ്രതിമാസം-25000 |
| CCTV, ട്രാപ്പ് എന്നിവ വാങ്ങിയത് | 239750 |
| ഡീസൽ, കുടിവെള്ളം എന്നിവ HSI യൂണിറ്റിന് നൽകിയത് | 111484 |
| TDS-ഫയലിംഗ് | 77075 |
| 4/2019 വരെ ആകെ ചെലവ് | 4482015 |

2-സ.ഉ (എം.എസ്)നം.80/2017/തസ്വഭവ. തീ.03.04.2017-സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൊജക്ടിൽ വകയിരുത്തി ശമ്പളം ഹോണറേറിയം എന്നിവ നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇളവ് അനുവദിക്കപ്പെട്ടിട്ടുള്ള ഇനങ്ങളിൽ CCTV ഓപ്പറേറ്റർക്കുള്ള വേതനം ഉൾപ്പെടുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനം നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്ന ജീവനക്കാരുടെ തരത്തിലും CCTV ഓപ്പറേറ്റർ വരുന്നില്ല. വന്ധ്യംകരണം നടത്തുന്ന നായ്ക്കളുടെ എണ്ണം CCTV യിൽ റെക്കോർഡ് ചെയ്തത് എണ്ണം കണക്കാക്കി, ഡെപ്യൂട്ടി ഡയറക്ടർ (AHD) ക്ക് കൈമാറുക എന്ന ഒരു ഡ്യൂട്ടി മാത്രമാണ് ടിയാന് നിർവ്വഹിക്കാനുള്ളത്. CCTVസ്ഥാപിച്ചിരിക്കുന്നത് ഓപ്പറേഷൻ തിയേറ്ററായി പ്രവർത്തിക്കുന്ന HSI യുടെ വാഹനത്തിലാണ്. നായ്ക്കളുടെ എണ്ണം രേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർ (AHD) ക്ക് കൈമാറേണ്ടത് HSI ആണ്. അതിനാൽ തന്നെ CCTV സൂപ്പർവൈസർ എന്ന പേരിൽ ഒരു ജീവനക്കാരനെ നിയമിച്ചത് തീർത്തും അനാവശ്യമായ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. 07.09.2018 ന് ജില്ലാ കലക്ടറുടെ ചേംബറിൽ നടന്ന എ.ബി.സി മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗിലെ അജണ്ട നം.3- തീരുമാനത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"ഡിപ്പാർട്ട്മെന്റൽ സ്റ്റാഫിന്റെ ശാസ്ത്രീയമായ മേൽനോട്ടത്തിന്റെ അടിസ്ഥാനത്തിലാണ് എ.ബി.സി-ക്കുള്ള ചാർജ് കൊടുക്കുന്നത് എന്നതിനാൽ CCTV ഓപ്പറേറ്റർക്ക് ഹോണറേറിയം കൊടുക്കുന്നത് ചർച്ച ചെയ്യണമെന്ന് D D (AH) ആവശ്യപ്പെട്ടു. ഈ ഹൈടെക് യുഗത്തിൽ സിസി ക്യാമറ സൂപ്പർവൈസർ എന്നുള്ളത് അനാവശ്യ ചെലവാണെന്നും ഒരു മാസം ചെയ്യുന്ന എബിസി പ്രവർത്തനങ്ങൾ ഡിജിറ്റൽ ക്യാമറയിൽ റെക്കോർഡ് ചെയ്യുന്നതിന് CCTV യുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്നും കറന്റില്ലാത്ത സമയത്തെ പ്രവർത്തനങ്ങൾ ഡിജിറ്റൽ ക്യാമറയിൽ റെക്കോർഡ് ചെയ്യണമെന്നും അത് HSI യുടെ കടമയാണെന്നും സിസി ക്യാമറ സൂപ്പർവൈസർ യഥാർത്ഥത്തിൽ ജോലിക്ക് ഹാജരായ ദിവസത്തെ അറ്റന്റൻസ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വേതനം നൽകി ടിയാനെ പിരിച്ചു വിടാനും ജില്ലാ കളക്ടർ നിർദ്ദേശിച്ചു." CCTV ഓപ്പറേറ്ററുടെ നിയമനം ക്രമപ്രകാരമല്ലെന്നും ഈയിനത്തിൽ നൽകിയ 435399 രൂപ പാഴ്ച്ചെലവായിരുന്നുവെന്നും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാണ്.

3- ഒരു യൂണിറ്റ് മാത്രമായതിനാൽ HSI യുടെ പ്രവർത്തനം ജില്ലയിൽ മുഴുവൻ ഭാഗത്തും ഫലപ്രദമായി എത്തുന്നില്ല. പദ്ധതിക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളും വിഹിതം നൽകിയിട്ടുണ്ട്. ABC സെന്റർ തിരൂരിലാണ് സ്ഥിതി ചെയ്യുന്നത്. മിനിമം 5 യൂണിറ്റെങ്കിലും ജില്ലയിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന് ABC മോണിറ്ററിംഗ് കമ്മറ്റിയുടെ 10.01.2019 ൽ നടന്ന യോഗത്തിൽ ജില്ലാ കലക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പദ്ധതി ബ്ലോക്ക് തലത്തിൽ നടത്തുന്നതാണ് കൂടുതൽ സൗകര്യപ്രദമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും അഭിപ്രായപ്പെട്ടിട്ടുണ്ട്. ABC ഇപ്പോൾ

നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളുടെ തെരെഞ്ഞെടുപ്പ് ശാസ്ത്രീയമല്ല. ഒരു വർഷം കൊണ്ട് ജില്ല മുഴുവൻ കവർ ചെയ്യുന്ന തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ മാറ്റണമെന്ന് HSI പ്രതിനിധികളോട് 07.09.2018 ന് നടന്ന മോണിറ്ററിംഗ് യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങളിൽ സുതാര്യത ഇല്ല എന്നതും ജില്ലയിലെല്ലായിടത്തും പ്രയോജനം ഒരു പോലെ ലഭിക്കുന്നില്ലെന്നതും ഇക്കാര്യങ്ങളിൽ നിന്നും വ്യക്തമാണ്.

4-ജി.ഒ (പി) നം2/18/ഫിൻ തീ.01.01.18 പ്രകാരം ABC യുടെ അക്കൌണ്ടിൽ നിന്നും (TSB-799011400000305) 5385499 രൂപ സർക്കാർ ഖജനാവിലേക്ക് പിടിച്ചെടുത്തിരുന്നു. ആയത് തിരികെ ലഭ്യമായിട്ടില്ല. അക്കൌണ്ടിൽ നിലവിൽ 2549586 രൂപ ബാലൻസുണ്ട്. സർക്കാരിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക കൂടി ലഭ്യമാക്കേണ്ടതാണ്.

**അപാകത സൂചിപ്പിച്ച് നൽകിയ** ഓഡിറ്റ് എൻക്വയറി (നം.20/18.05.19)ക്ക് മറുപടിയായി നായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനുള്ള ചാർജ്ജും മറ്റിതര ചെലവുകളും ചേർന്നാലും 1900 എന്ന പരിധി ലംഘിക്കപ്പെട്ടിട്ടില്ല എന്ന മറുപടി തൃപ്തികരമല്ല. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുമ്പോൾ ഒരു നായയെ വന്ധ്യംകരിക്കുന്നതിന് കരാർ പ്രകാരമുള്ള തുക (പരമാവധി 1900) അനുവദിച്ചാൽ മതിയാകും.മറ്റു ചെലവുകൾ സംഘടന സ്വയം വഹിക്കേണ്ടതാണ്. സ്ഥാപനവുമായി 12-01-2017ന് ഒപ്പുവച്ച എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം "Suitable location and facility from the ART Clinic, kennel keeping premises accommodation facility, electricity, water facility എന്നിവ ജില്ലാ പഞ്ചായത്ത്" വഹിക്കണമെന്ന് പറയുന്നുണ്ട്. സന്നദ്ധസംഘടനയുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതിയിൽ ക്രമപ്രകാരമല്ലാതെ ഉൾപ്പെട്ട ചെലവ് 786633/-രൂപ (435399+239750+111484) (ABC ചാർജ്, TDS ചാർജ് എന്നിവ ഒഴികെ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 വണ്ടൂർ ഹോമിയോ കാൻസർ (ചേതന) ആശുപത്രി-ദൈനംദിന ചെലവുകൾ പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് നം.1391/18

1-ബിൽ നം.10/17-18/15.01.18-399860 (ഇലക്ട്രോണിക്സ് പ്രവൃത്തികൾ)

2-ബിൽ നം22/17-18/26.03.18-168570 (കമ്പ്യൂട്ടർ,പ്രിന്റർ എന്നിവ വാങ്ങിയത്)

3-ബിൽ നം 26/17-18/26.03.18-297959 (ഹോസ്പിറ്റൽ കോട്ട്,ബെഡ്ഷീറ്റ്,പില്ലോ എന്നിവ വാങ്ങിയത്)

4-ബിൽ നം 31/17-18/31.03.18-58448

5-ബിൽ നം 33/17-18/31.03.18-10977
നിർവ്വഹണോദ്യോഗസ്ഥൻ – ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ കാൻസർ ആശുപത്രി, വണ്ടൂർ (ചേതന )

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1-ആശുപത്രിയുടെ ദൈനംദിന ചെലവുകളിൽ ഉൾപ്പെടാത്ത പ്രവൃത്തികളും പർച്ചേസുകളും നടത്തിയതായി കാണുന്നു. 1,2.3 ബില്ലുകൾ പ്രകാരമുള്ള ചെലവുകൾ പ്രത്യേകം പ്രൊജക്ട് രൂപീകരിച്ച് ചെയ്യാവുന്നതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

2-ക്രമനം.4, 5 എന്നിവയുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിന്റെ പകർപ്പ് മാത്രമാണ് ഫയലിലുള്ളത്.

**അപാകത സൂചിപ്പിച്ചു നൽകിയ** ഓഡിറ്റ് എൻക്വയറി (നം.16/18.05.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബിൽ നം.4, 5 എന്നിവ പ്രകാരമുള്ള ചെലവു തുക 69425 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 ആയുർസ്പർശം പദ്ധതി - ജില്ലാപഞ്ചായത്തിന്റെ

# ചുമതലയിൽപ്പെടാത്ത കാര്യത്തിന് തുക വിനിയോഗിച്ചു

പ്രോജക്റ്റ് നം. 1279/2018 നിർവ്വഹണം - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ എസ് എം)

'ആയുർസ്പർശം'

വിനിയോഗിച്ച തുക -28,57,029 രൂപ (പ്ലാൻ -ജനറൽ)

| ബിൽ നം | തുക | ബിൽ നം | തുക |
|---|---|---|---|
| 2/17-18/10.11.2017 | 9,00,000 | 6/17-18/23.01.2018 | 74,155 |
| 4/17-18/24.11.2017 | 9,00,000 | 9/17-18/24.03.2018 | 32,824 |
| 5/17-18/24.11.2017 | 9,00,000 | 8/17-18/26.12.2018 | 50,050 |

ജില്ലയുടെ പരിധിയിലുള്ള വിവിധ ഗവ.ആയുർവ്വേദ ഡിസ്പൻസറികൾ കേന്ദ്രീകരിച്ച്, കിടപ്പിലായ രോഗികൾക്കുള്ള, പരിചരണവും, ആയുർവേദ മരുന്നുകളും ലഭ്യമാക്കുന്ന പരിരക്ഷാ പദ്ധതിയാണ് ആയുർസ്പർശം. ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിരക്ഷാ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ മാതൃകയിൽ തന്നെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലയിലെ 30 ഗ്രാമപഞ്ചായത്തുകളിലെ ആയുർവ്വേദ ഡിസ്പൻസറികളിലേക്കാവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയും,ദീർഘകാല രോഗങ്ങൾകൊണ്ട് കിടപ്പിലായി ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ആയുർവേദ മരുന്നുകളും ചികിത്സ ഉപയോഗിച്ച് ഹോംകെയർ(വീട് സന്ദർശനത്തിന്റെ ചെലവ് (വാഹന വാടക, ഭക്ഷണം)) പരിചരണവുമാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ (സാധാ)നം. 3217/2015/ തസ്വഭവ തീ. 29.10.2015 3(iv)പ്രകാരം ത്രിതീയ ലെവൽ പരിചരണം ആവശ്യമായ രോഗികൾക്ക് അത് ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനങ്ങളും സൗകര്യങ്ങളും ജില്ലാപഞ്ചായത്തിനു കീഴിലുള്ള ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയാണ് ജില്ലാപഞ്ചായത്തുകളുടെ കർത്തവ്യം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.അതായത്,ഹോംകെയർ പരിചരണത്തിനപ്പുറം വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗികൾക്ക് ജില്ലാ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ,കിടത്തി ചികിത്സ എന്നിവ ലഭ്യമാക്കുക എന്നതാണ് ജില്ലാപഞ്ചായത്തുകൾ ചെയ്യേണ്ടത്. ആയവ പ്രാഥമിക തലത്തിൽ ലഭ്യമാക്കുവാൻ കഴിയുകയില്ല. കൂടാതെ ,പാലിയേറ്റീവ് പരിചരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾ ,ഡോക്ടർമാർ,ഉദ്യോഗസ്ഥർ ,ആരോഗ്യപ്രവർത്തകർ, ഗൃഹപരിചരണത്തിൽ പങ്കാളികളാകുന്ന സന്നദ്ധ -സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ജില്ലാതല പരിശീലനകേന്ദ്രത്തിൽവെച്ച് പരിശീലനം നൽകാവുന്നതും, ഇതു സംബന്ധിച്ച ശില്പശാലകൾ സംഘടിപ്പിക്കാവുന്നതുമാണ്.

ദീർഘകാല രോഗങ്ങൾകൊണ്ട് കിടപ്പിലായി ദുരിതമനുഭവിയ്ക്കുന്ന രോഗികൾക്ക് ആയുർവേദ മരുന്നുകൾ നൽകലും ചികിത്സ നടത്തുന്നതിന് ഹോംകെയർ പരിചരണവും ഗ്രാമപഞ്ചായത്തുകളുടെ /നഗരസഭകളുടെ ഉത്തരവാദിത്വമാണെന്ന്(പ്രാഥമിക ലെവൽ പരിചരണം) മേൽ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനു വിരുദ്ധമായാണ് പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയത് . അപാകതകയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

2) പദ്ധതിയ്ക്കായി 30 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല. കൂടാതെ ,പ്രസ്തുത രീതിയിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്ത്/നഗരസഭ തലത്തിൽ നടപ്പിലാക്കുന്നതിനാൽ പദ്ധതി ഗുണഭോക്താക്കൾ അതാത് തദ്ദേശ ഭരണസ്ഥാപനങ്ങൾ നടത്തുന്ന പാലിയേറ്റീവ് പരിചരണ പരിപാടിയിൽ ഉൾപ്പെട്ടവരല്ലെന്ന് ഉറപ്പാക്കിയോയെന്ന് വ്യക്തമല്ല.

3) മേൽ നം.2,4,5, ബില്ലുകൾ പ്രകാരം 27,00,000 രൂപയ്ക്കുള്ള ആയുർവേദ മരുന്നുകൾ (3*9,00,000) ലഭ്യമാക്കുന്നതിനായി ഔഷധി,തൃശ്ശൂർ മുഖേന ലഭ്യമായിട്ടുണ്ടെങ്കിലും മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ കൊളത്തൂർ ആയുർവേദ ഡിസ്പെൻസറി ഒഴികെ ശേഷിച്ച 29 ഗ്രാമപഞ്ചായത്തുകളിലെയും ആയുർവേദ ഡിസ്പെൻസറികൾക്കും നൽകിയതിന്റെയും ആയവ രോഗികൾക്കു നൽകിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയിൽ ഉൾപ്പെട്ട രോഗികളുടെ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ കൊളത്തൂർ ആയുർവേദ ഡിസ്പെൻസറി ഒഴികെ)

5) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം 45 കിലോമീറ്ററിൽ കൂടുതൽ വാഹനം ഓടുന്ന സന്ദർഭത്തിലാണ് 1100 രൂപ പ്രതിദിന വാടക നൽകേണ്ടത്. ആയുർവേദ ഡിസ്പെൻസറികളിൽ നിന്നും ലഭ്യമാക്കിയ മിക്ക ട്രിപ്പ് ഷീറ്റുകളിലും വാഹനം എത്ര കീ.മി ഓടിയെന്ന് വ്യക്തമല്ല.

6)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/16.05.2019 ) മറുപടി ലഭ്യമാക്കിയെങ്കിലും മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തുതലത്തിൽ നിർവ്വഹിയ്ക്കേണ്ട പ്രവൃത്തി ജില്ലാപഞ്ചായത്ത് ഏറ്റെടുത്തു നടത്തിയതിനും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 28,57,029രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-12 മരുന്നുകൾ ലഭ്യമായില്ല

(i) ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് എന്ന പദ്ധതിയിൽ ഉൾപെടുത്തി മരുന്ന് വാങ്ങിക്കുന്നതിനായി ചുവടെ കാണുംപ്രകാരം 1500000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകക്കുള്ള മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല. കൂടാതെ ബന്ധപ്പെട്ട സ്ഥാപനവുമായി കരാർ വെച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കരാർ വെച്ചതിന്റെയും മരുന്ന് ലഭ്യമായതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ | തുക | സ്ഥാപനം |
|---|---|---|---|
| 1392/18 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് 1500000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 1/21.12.2017 | 1500000 | 'ഹോംകൊ' ആലപ്പുഴ |

(ii) ജില്ലാ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുഷ് ഹോളിസ്റ്റിക് സെന്ററിന് മരുന്ന് എന്ന പദ്ധതിയിൽ ഉൾപെടുത്തി മരുന്ന് വാങ്ങിക്കുന്നതിനായി ചുവടെ കാണുംപ്രകാരം 750000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകക്കുള്ള മരുന്ന് ഇത് വരെയും ലഭ്യമായിട്ടില്ല. കൂടാതെ ബന്ധപ്പെട്ട സ്ഥാപനവുമായി കരാർ വെച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കരാർ വെച്ചതിന്റെയും മരുന്ന് ലഭ്യമായതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 750000/-രൂപ തടസ്സം ചെയ്യുന്നു.. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ | തുക | സ്ഥാപനം |
|---|---|---|---|
| 1283/18 ആയുഷ് ഹോളിസ്റ്റിക് സെന്ററിന് മരുന്ന് 1000000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 1/14.11.2017 | 150000 | ഔഷധി (യൂനാനി മരുന്ന്) |
| | 3/14.11.2017 | 600000 | ഔഷധി (ആയുർവ്വദ മരുന്ന്) |

(iii) നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് കെ.എം.എസ്.സി.എൽ. നിന്ന് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ / ചെക്ക് നം./തീയതി | തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| SO1147/18 മരുന്നുകളും | PRF1835/ 2.11.2017 | 04/17-18 / 19.01.2018 | 25,00,000/- | 23,20,665 | 1,79,335 |

| | | | | | |
|---|---|---|---|---|---|
| ഉപകരണങ്ങളും | | (MG(NR)) | | | |
| SO1151/18 പരിരക്ഷ മരുന്ന് | PRF2813/ 12.12.2017 | 07/17-18 /11.01.2018 | 2,63,934/- | 2,61,033 | 2,901 |
| **ആകെ** | | | **27,63,934** | **25,81,698** | **1,82,236** |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. തുക ഒടുക്കി ഒരു വർഷവും നാലു മാസവും പിന്നിട്ടിട്ടും 1,82,236 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുകയാണ്. മരുന്ന് ലഭ്യമാക്കുന്നതിൽ ദീർഘമേറിയ കാലവിളംബം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമച്ച കരാറും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് 17/18.05.2019 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാകുന്നത് വരെ 1,82,236 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 3-13 ഹൈസ്ക്കൂൾ,ഹയർസെക്കണ്ടറി സ്ക്കൂളുകളിലേക്ക് ഗേൾസ് ഒൺലി ബസ് - അപാകതകൾ

പ്രോജക്റ്റ് നം.1757/2018

ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകളിലേക്ക് ഗേൾസ് ഒൺലി ബസ്

വിനിയോഗിച്ച തുക – 4,95,99,695 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം-23/17-18/23.03.18

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ,പൊതുവിദ്യാഭ്യാസം

ജില്ലയിലെ 32 ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകളിലേക്ക് ബസുകൾ അനുവദിയ്ക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.ഇ-ടെണ്ടർ മുഖേന പോപ്പുലർ മെഗാ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് ,കാലിക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ബസുകൾ വാങ്ങിയിട്ടുള്ളത്.പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും 32 ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകളെ തെരഞ്ഞെടുത്തതിന് ആധാരമാക്കിയ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.ബസ് കൈപ്പറ്റിയ കോട്ടപ്പുറം ജി എച്ച് എസ് എസിലെ ഹെഡ്മിസ്ട്രസ് 09.03.2018 ന് സമർപ്പിച്ച കത്തിൽ, പ്രസ്തുത സ്കൂളിൽ എം എൽ എ ഫണ്ട് ഉപയോഗിച്ച് ബസ് ലഭ്യമായിട്ടുള്ളതിനാൽ ബസ് ആവശ്യമില്ലെന്നും ആയത് ഒഴിവാക്കി പ്രസ്തുത തുക മറ്റു ആവശ്യങ്ങൾക്ക് അനുവദിച്ചു നൽകണമെന്നും അറിയിച്ചു.കൂടാതെ ബസ് അനുവദിയ്ക്കേണ്ട സ്കൂളുകളുടെ പട്ടികയിൽ ഉണ്ടായിരുന്ന കരുവാരകുണ്ട്, പുല്ലാനൂർ,ചെറിയമുണ്ടം,കല്പകഞ്ചേരി ജി എച്ച് എസ് എസ് കൾക്ക് പകരം ജി വി എച്ച് എസ് കീഴുപറമ്പ,ജി എച്ച് എസ് നീലാഞ്ചേരി ,ജി എച്ച് എസ് എസ് നിറമരുതൂർ എന്നിവയ്ക്ക് ബസ് അനുവദിച്ചിരിയ്ക്കുന്നതും കണ്ടെത്തി.ആയതിൻ നിന്നും സ്കൂളുകളിൽ ബസിന്റെ ആവശ്യമറിഞ്ഞല്ല പ്രോജക്റ്റ് തയ്യാറാക്കിയതും ബസുകൾ അനുവദിച്ചിട്ടുള്ളതുമെന്ന് വ്യക്തമായി .അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതും.കോട്ടപ്പുറം ജി.എച്ച്.എസ്.എസ്.ന് അനുവദിച്ച ബസിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടപ്പം ലഭ്യമാക്കേണ്ടതുമാണ്.

2)-ടെണ്ടറിൽ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബസുകളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ചുറപ്പാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല. സ്കൂളുകൾ സമർപ്പിച്ച സ്റ്റോക്ക് വിവരങ്ങളിലും ഇക്കാര്യം വ്യക്തമല്ല.

3)പദ്ധതി പ്രകാരം ബസുകൾ പ്രധാനാധ്യാപകന്റെ പേരിൽ രജിസ്റ്റർ ചെയ്യണം.എന്നാൽ ആർ സി ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)ജി.എച്ച്.എസ്.എസ് മാറഞ്ചേരി ,ജി.എച്ച്.എസ്.എസ് കാടഞ്ചേരി,ജി എച്ച് എസ് മങ്കട എന്നിവ ഒഴികെയുള്ള 29 സ്കൂളുകളിൽ നിന്നും ബസുകളുടെ വിവരം സ്റ്റോക്ക് രജിസ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 19/17.05.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 4,95,99,695 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-14 ഡെപ്യൂട്ടി ഡയറക്ടർ ,പൊതുവിദ്യാഭ്യാസം ,മലപ്പുറം നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ലഭ്യമാക്കിയില്ല.

2017-18 വർഷത്തിൽ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ചെലവുരേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1 | പ്രോജക്റ്റ് നം. 1387/18<br>ജി എച്ച് എസ് എസ് പുറത്തൂർ സയൻസ് ലാബ് നവീകരണം ,പുറത്തൂർ<br>വിനിയോഗിച്ച തുക -4,99,725 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )<br>ബിൽ നം. 32/17-18/28.03.18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോട് മുഖേന ജി എച്ച് എസ് എസ് പുറത്തൂരിന്റെ സയൻസ് ലാബ് നവീകരണത്തിനാണ് പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>i)പദ്ധതിയ്ക്കായി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ്<br>ii)കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോട് നിന്നും ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്,ലാബ് നവീകരിച്ചതിന്റെ വിവരം<br>iii)ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും വിവരം |
| 2 | പ്രോജക്റ്റ് നം.1230/18<br>താനാളൂർ മീനടത്തൂർ ഗവ.ഹൈസ്കൂളിന് ഫർണീച്ചർ<br>വിനിയോഗിച്ച തുക -4,56,457 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )<br>ബിൽ നം. 28/17-18/23.03.18 | ആർട്ടിസാൻ ഡെപലപ്പ്മെന്റ് കോർപ്പറേഷൻ,തൃശ്ശൂർ മുഖേന ക്ലാസ് റൂം മേശ(65 എണ്ണം) , ഫൈബർ ചെയർ (100 എണ്ണം), അലമാര (6എണ്ണം) എന്നിവ വാങ്ങിയ്ക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.<br>എന്നാൽ മേൽ സാമഗ്രികൾ സ്കൂളിന് ലഭിച്ചുവോയെന്ന് വ്യക്തമല്ല. ആയവ ലഭിച്ചതിന്റെയും സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും ,ലഭ്യമായ സാമഗ്രികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 3 | പ്രോജക്റ്റ് നം.1389/18<br>പുല്ലാനൂർ വി എച്ച് എസ് എസ് വിഭാഗത്തിൽ ലാബ് സജ്ജീകരണം ,(പൂക്കോട്ടൂർ)<br>വിനിയോഗിച്ച തുക -5,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )<br>ബിൽ നം. 29/17-18/23.03.18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോട് മുഖേന വി എച്ച് എസ് എസ് വിഭാഗത്തിൽ ലാബ് സജ്ജീകരണത്തിനാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്.<br>എന്നാൽ,ലാബ് സജ്ജീകരിച്ചതിന്റെയും,സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക ലഭ്യമാക്കിയില്ല. |
| 4 | പ്രോജക്റ്റ് നം.1792/18<br>ജി വി എച്ച് എസ് എസ് ചെട്ടിയാംകിണർ,പെരുമണ്ണക്ലാരി -കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | കെൽട്രോൺ,കോഴിക്കോട് മുഖേന ജി വി എച്ച് എസ് എസ് ചെട്ടിയാംകിണർ ലെ വി എച്ച് എസ് സി , എച്ച് എസ് ,എച്ച് എസ് എസ് വിഭാഗങ്ങൾക്ക് ലാപ് ടോപ്പ് (6എണ്ണം),ഡെസ്ക്ടോപ്പ് (10എണ്ണം),3കെ വി എ യു പി എസ് (3എണ്ണം)എന്നിവ വാങ്ങി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . |

| | | |
|---|---|---|
| | വിനിയോഗിച്ച തുക -6,27,110 രൂപ (പ്ലാൻ -ജനറൽ )<br><br>ബിൽ നം. 21/17-18/19.03.18 | എന്നാൽ, ആയവ ലഭ്യമായതിന്റെയും , സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 5 | **പ്രോജക്റ്റ് നം.1836/18**<br><br>വേങ്ങര ജി വി എച്ച് എസ് എസ് ബോയിസ്, ഫിസിക്സ് ലാബ് സജ്ജീകരണം,(ഊരകം)<br><br>വിനിയോഗിച്ച തുക -4,99,690 രൂപ (പ്ലാൻ -ജനറൽ )<br><br>ബിൽ നം. 26/17-18/23.03.18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് , കോഴിക്കോട് മുഖേന വേങ്ങര ജി വി എച്ച് എസ് എസ് ബോയിസ്, ഫിസിക്സ് ലാബ് സജ്ജീകരണത്തിനാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്.എന്നാൽ,<br><br>ലാബ് സജ്ജീകരിച്ചതിന്റെയും,സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 6 | **പ്രോജക്റ്റ് നം.1795/18**<br><br>പുല്ലങ്കോട് ഹയർസെക്കണ്ടറി സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണവും, പുനരുദ്ധാരണവും (ചോക്കാട് )<br><br>വിനിയോഗിച്ച തുക -5,43,400 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )<br><br>ബിൽ നം. 34/17-18/28.03.18 | കെൽട്രോൺ, കോഴിക്കോട് മുഖേന പുല്ലങ്കോട് ഹയർസെക്കണ്ടറി സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണവും, പുനരുദ്ധാരണവുമാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.എന്നാൽ<br><br>ലാബ് സജ്ജീകരിച്ചതിന്റെയും,സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 7 | **പ്രോജക്റ്റ് നം.1894/18**<br><br>ഗവ. വി എച്ച് എസ് സി ഹയർസെക്കണ്ടറി സ്കൂളുകളിൽ ലാബ് സജ്ജീകരണം<br><br>വിനിയോഗിച്ച തുക -2,48,55,621 രൂപ (പ്ലാൻ -ജനറൽ )<br><br>ബിൽ നം. 24/17-18/23.03.18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോട് മുഖേന ഗവ. വി എച്ച് എസ് സി ഹയർസെക്കണ്ടറി സ്കൂളുകളിൽ ലാബ് സജ്ജീകരണത്തിനാണ് പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br><br>i)പദ്ധതിയ്ക്കായി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ്<br><br>ii) ലാബ് സജ്ജീകരണം നടത്തിയ സ്കൂളുകളുടെ വിവരം<br><br>iii) ലാബ് സജ്ജീകരണത്തിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനാധാരമാക്കിയ മാനദണ്ഡത്തിന്റെയും,പട്ടിക ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെയും വിവരം<br><br>iv)കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോടുമായി ഉടമ്പടി വെച്ചതിന്റെ വിവരം, തുക നൽകിയതിന്റെ വിവരം,ലാബ് നവീകരിച്ചതിന്റെ വിവരം<br><br>v)ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും വിവരം |
| 8 | **പ്രോജക്റ്റ് നം.1795/18**<br><br>ഓമാനൂർ ഹൈസ്കൂൾ സ്മാർട്ട് ക്ലാസ് റൂം (ചീക്കോട് )<br><br>വിനിയോഗിച്ച തുക -4,87,740 രൂപ (മെയിന്റനൻസ് ഗ്രാന്റ് | ഓമാനൂർ ഹൈസ്കൂൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മിയ്ക്കുന്നതിനായി കെൽട്രോൺ, കോഴിക്കോട് മുഖേന,ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ (5എണ്ണം),പ്രോജക്റ്റർ (1എണ്ണം),മൾട്ടീമീഡിയ പ്രിന്റർ(1എണ്ണം),3 കെ വി എ യു പി എസ്(5എണ്ണം) സീലിംഗ് മൗണ്ട് കിറ്റ് (1എണ്ണം)എന്നിവ വാങ്ങി സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിയ്ക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| | -നോൺ റോഡ് ) <br> ബിൽ നം. 20/17-18/19.03.18 | എന്നാൽ, സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനക്ഷമമായതിന്റെയും,സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 9 | **പ്രോജക്റ്റ് നം.1388/18** <br> അരിമ്പ്ര വി എച്ച് എസ് സി വിഭാഗത്തിൽ ലാബ് സജ്ജീകരണം,(മൊറയൂർ) <br> അടങ്കൽ - 5,00,000 രൂപ <br> വിനിയോഗിച്ച തുക -4,99,400 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് ) <br> ബിൽ നം. 25/17-18/23.03.18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,കോഴിക്കോട് മുഖേന അരിമ്പ്ര വി എച്ച് എസ് സി വിഭാഗത്തിൽ ലാബ് സജ്ജീകരണത്തിനാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്.എന്നാൽ, <br> ലാബ് സജ്ജീകരിച്ചതിന്റെയും,സ്ഥാപനവുമായി വാങ്ങൽ സംബന്ധിച്ച് ഉടമ്പടിവെച്ചതിന്റെയും, ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. <br> കൂടാതെ, ബിൽ നം. 33/17-18/28.03.18 പ്രകാരം 4,99,690 രൂപ ഇതേ പദ്ധതിയ്ക്കായി വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി അടങ്കൽ നിശ്ചയിച്ച് അംഗീകാരം നേടിയിട്ടുള്ളത് 5,00,000 രൂപ വിനിയോഗിയ്ക്കുന്നതിനാണ്. ആയതിനാൽ പ്രസ്തുത തുക പിൻവലിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതും ആയത് വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 19/17.05.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്കായി ചെലവഴിച്ച 2,94,68,833 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-15 കല്പകഞ്ചേരി ജി എച്ച് എസ് എസിൽ സ്പീക്കർ,ഫർണീച്ചർ,ബാന്റ്സെറ്റ് എന്നിവ വാങ്ങൽ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം.1759/2018

കല്പകഞ്ചേരി ജി എച്ച് എസ് എസിൽ സ്പീക്കർ,ഫർണീച്ചർ,ബാന്റ്സെറ്റ്

വിനിയോഗിച്ച തുക – 7,42,655 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 26/17-18/23.03.2018

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ,പൊതുവിദ്യാഭ്യാസം

കല്പകഞ്ചേരി ജി എച്ച് എസ് എസിൽ സ്പീക്കർ ,സൗണ്ട് സിസ്റ്റം,എൽ സി ഡി പ്രോജക്റ്റർ, പവ്വർ ക്യാമറ,ബാന്റ്സെറ്റ് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തത്. താഴെ പറയുന്ന കാര്യങ്ങൾക്കാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്.

| | സ്ഥാപനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | കെൽട്രോൺ,തിരുവനന്തപുരത്തിൽ നിന്നും വാങ്ങിയത് (ഇൻവോയിസ് | 2,19,440 | ലാപ് ടോപ്പ് (4 എണ്ണം), <br> മൾട്ടി പ്രോജക്റ്റർ (4 എണ്ണം) |

| | | | |
|---|---|---|---|
| | നം.ITBG/17-18/7899ITP/2702 തി. 28.02.2018) | | |
| 2 | സപ്തസ്വര മ്യൂസിക്കൽസ് , കാലിക്കറ്റ് -ൽ നിന്നും വാങ്ങിയത്<br>(ഇൻവോയിസ് നം 832/14.03.2018 & 218/14.03.2018 ) | 1,52,470 | ബാന്റ് സെറ്റ് വാങ്ങിയതിന് നൽകിയ തുക |
| 3 | യൂക്കോ ഇലക്ട്രോണിക്സ് , മലപ്പുറം- ൽ നിന്നും വാങ്ങിയത്<br>(ഇൻവോയിസ് നം 595/14.03.2018) | 2,42,500 | സൗണ്ട് സിസ്റ്റം, ലൈറ്റ് സിസ്റ്റം, ലേബർ ചാർജ് എന്നീയിനത്തിൽ നൽകിയ തുക |
| 4 | പി ജി എന്റർ പ്രൈസസ് , കാലിക്കറ്റ് -ൽ നിന്നും വാങ്ങിയത് | 57,000 | ബാന്റ് സെറ്റ് യൂനിഫോറത്തിന് നൽകിയ തുക |
| 5 | സന്തോഷ് പി എന്നയാൾക്ക് നൽകിയത് | 33,750 | ബാന്റ് മേളം പരിശീലിപ്പിച്ചതിന് നൽകിയ തുക |
| 6 | 3ജി മോബൈൽ വേൾഡ് , കോട്ടയ്ക്കൽ -ന നൽകിയത്<br>(ഇൻവോയിസ് നം 32/18.03.2018) | 37,495 | ക്യാമറകൾ വാങ്ങിയതിന് നൽകിയ തുക |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i)പ്രോജക്റ്റ് തയ്യാറാക്കിയതിന് വിരുദ്ധമായി ലാപ് ടോപ്പ് (4 എണ്ണം) വാങ്ങുന്നതിനായി തുക വിനിയോഗിച്ചതിന്റെ കാരണം വ്യക്തമല്ല.പ്രോജക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

ii)2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ(ജി ഒ (പി ) നം.3/2013/എസ് പി ഡി തി. 21.06.2013) (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കൽ മാർഗ്ഗരേഖ (ജി ഒ (പി ) നം.259/ ത.സ്വ.ഭ.വ തി.08.11.2010)) എന്നിവ പ്രകാരം5000/-രൂപക്ക് മുകളിൽ 50000/-രൂപവരെ മൂല്യമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ക്വട്ടേഷൻ മുഖേനയാകണമെന്നും 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കുന്നത് ലിമിറ്റഡ് ടെണ്ടർ മുഖേനയാകണമെന്നും,1,00,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ളവ സമാഹരിയ്ക്കുന്നത് ഓപ്പൺ ടെണ്ടർ മുഖേനയാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. തൻമൂലം,മേൽ ക്രമനം.2,3,4,5,6 ഇനങ്ങളിൽ ദാതാവിനെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. ദാതാക്കളുമായി ഉടമ്പടിവെച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല.

iii) സൗണ്ട് സിസ്റ്റം, പ്രോജക്റ്റർ എന്നിവ സ്ഥാപിച്ചതിന്റെയും പദ്ധതി പൂർത്തീകരിച്ചതിന്റെയും വിവരം ഫയലിൽ ഇല്ല.

iv)ഉപകരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ഫയലിൽ ഇല്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/17.05.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 7,42,655 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-16 വിജയഭേരി പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.1758/2018

'വിജയഭേരി -2017-18'

അടങ്കൽ തുക – 25,00,000 രൂപ ( പ്ലാൻ -ജനറൽ )

| ബിൽ നമ്പർ | തുക | ബിൽ നമ്പർ | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 15/17-18 / 20.02.2018 | 1,34,543 | 36/17-18 / 27.03.2018 | 15,875 |
| 18/17-18 / 15.03.2018 | 14,61,425 | 40/17-18 / 28.03.2018 | 83,500 |
| 14/17-18 / 20.02.2018 | 2,12,922 | 41/17-18 / 28.03.2018 | 71,000 |

ആകെ ചെലവ് – 19,79,265 രൂപ

(ഐ കെ എം ചെലവു പത്രിക പ്രകാരം ഈ പ്രൊജക്ടിന് 637870/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് )

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ ,പൊതുവിദ്യാഭ്യാസം

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പഠനത്തിൽ മുന്നോക്കാവസ്ഥയിൽ എത്തിയ്ക്കുവാൻ ഉദ്ദേശിച്ച് നടപ്പാക്കിയതാണ് 'വിജയഭേരി -2017-18 ' പദ്ധതി. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മേൽപ്പറഞ്ഞ ബില്ലുകളിലെ ക്രമനം.4,5,6 ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)ബിൽ നം. 15/17-18 / 20.02.18 പ്രകാരം 1,34,543 രൂപ വിനിയോഗിച്ചതിൽ ,41,643 രൂപ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിനാണ് വിനിയോഗിച്ചിട്ടുള്ളത് . വിജയഭേരി പദ്ധതിയുമായി ബന്ധമില്ലാത്ത കാര്യത്തിന് തുകയനുവദിച്ചത് എന്തിനെന്ന് വ്യക്തമല്ല.

3)ബിൽ നം. 18/17-18 / 15.03.18 പ്രകാരം 14,61,425 രൂപയിൽ 15,875 രൂപയൊഴികെ ശേഷിച്ച തുക ജില്ലയിലെ 136 സ്കൂളുകൾക്ക് വിജയഭേരി പദ്ധതിയ്ക്കായി നൽകിയ തുകയാണ്. എന്നാൽ സ്കൂളുകളിൽ വിജയഭേരി പദ്ധതി നടത്തിയതിന്റെ ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)കൂടാതെ,136 സ്കൂളുകൾക്ക് വിവിധ നിരക്കിലാണ് തുക നൽകിയിട്ടുള്ളത് .ആയതിനാധാരമാക്കിയ മാനദണ്ഡം എന്താണെന്ന് വ്യക്തമല്ല. സ്കൂളുകളെ പദ്ധതിക്കായി നിരഞ്ഞെടുത്തത് എപ്രകാരമാണെന്നും വ്യക്തമല്ല

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 23/17.05.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 19,79,265 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-17 അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങുന്നതിനു മുമ്പ് ഡയാലിസിസ് യൂണിറ്റിന് മരുന്നുകളും റീ ഏജന്റുകളും വാങ്ങാൻ നിക്ഷേപം

പ്രോജക്ട് : SO 657/17, ഡയാലിസിസ് യൂണിറ്റ് -അടങ്കൽ : 50,00,000/- (വികസന ഫണ്ട്)

ബിൽ നം : 21/23.03.18 തുക : 49,98,778/-

നിർവ്വഹണം: സൂപ്രണ്ട്, ജില്ലാ ഹോസ്പിറ്റൽ-പെരിന്തൽമണ്ണ.

പ്രസ്തുത പ്രോജക്ട് പ്രകാരം ആവശ്യമായ സിവിൽ വർക്കുകൾ നടത്തി യന്ത്രങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ കിഫ്ബി മുഖേന പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ നടപടി ആരംഭിക്കുകയും KHRWS സിവിൽ വർക്കുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ആയതിനാൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ച് യന്ത്രങ്ങൾ സ്ഥാപിച്ച ശേഷം പ്രവർത്തനം ആരംഭിക്കുന്ന സമയം യൂണിറ്റിലേയ്ക്ക് ആവശ്യമായ മരുന്നുകളും റീ ഏജന്റുകളും വാങ്ങുന്നതിന് പ്രോജക്ട് ഭേദഗതി ചെയ്യുകയും പ്രൊഫോർമ ഇൻവോയ്സ് നം./തീയതി.249/ 17-18 / 24.02.2018.(11items) പ്രകാരം 49,98,778/-രൂപ, KMSCL ൽ നിക്ഷേപിക്കുകയും ചെയ്തു.

ഡയാലിസിസ് യൂണിറ്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും മറ്റും നൽകിയ 01/06.05.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ലെന്ന് അറിയിച്ചു.

മരുന്നുകളും റീ ഏജന്റുകളും വാങ്ങുന്നതിനാണെങ്കിലും നിർമ്മാണവും ഇൻസ്റ്റലേഷനും പൂർത്തിയാകാത്ത യൂണിറ്റിന് വേണ്ടി ഇത്രയും കാലദൈർഘ്യത്തിൽ വികസന ഫണ്ട് പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നത് ഉചിതമല്ലാത്തതാണ്.

ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമായെങ്കിൽ ആയതിന്റെയും മരുന്നുകളും റീ ഏജന്റുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്. മരുന്നുകളും റീ ഏജന്റുകളും സ്റ്റോക്കിൽ എടുത്തതിന്റെ രേഖ ലഭ്യമാക്കുന്നതു വരെ 49,98,778/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 3-18 ജനറേറ്റർ സ്ഥാപിച്ച വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് : 1137/17-18, തിരൂർ ജില്ലാ ആശുപത്രിക്ക് ജനറേറ്റർ.

ബിൽ നം. : 14/17-18/ 15.02.2018 തുക : 9,19,479/- [MG(NR)]

നിർവ്വഹണം: സൂപ്രണ്ട്, ജില്ലാ ഹോസ്പിറ്റൽ-തിരൂർ.

പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള ജനറേറ്റർ സ്ഥാപിക്കുന്നതിന് KEL ന് 9,19,479/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. 200KVA DG സെറ്റിന് ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള 22,98,699/- രൂപയുടെ (പ്രൊഫോർമ ഇൻവോയ്സ് നം. 6K/20.01.2018) 40ശതമാനമാണ് മുൻകൂർ നൽകിയത്. KELമായി ചമച്ച കരാർ പ്രകാരം സപ്ലൈ ഓർഡർ ലഭിച്ചാൽ ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്യുമെന്നാണ് പറയുന്നത്. ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്യുന്നതിന് കൃത്യമായ കാലയളവ് വ്യക്തമാക്കിയിട്ടില്ല. മുൻകൂർ തുകയ്ക്ക് ശേഷം 2 തവണയായി ശേഷിക്കുന്ന തുക നൽകേണ്ടതുണ്ട്. ലഭ്യമാക്കിയ ഫയലിൽ മുൻകൂർ നൽകിയതൊഴികെയുള്ള വിവരങ്ങൾ ലഭ്യമല്ല.

ജനറേറ്റർ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുകയും ബാക്കി തുക നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് 02/08.5.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജനറേറ്റർ സ്ഥാപിച്ച് കമ്മീഷൻ ചെയ്ത വിവരം ലഭ്യമാക്കുന്നതു വരെ 9,19,479/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 3-19 ജെ സി ബി ക്ക് വാടക നൽകിത് - നടപടികൾ സുതാര്യമല്ല

സീനിയർ സൂപ്രണ്ട് ,ജില്ലാകൃഷിത്തോട്ടം ,ചുങ്കത്തറ നിർവ്വഹണം നടത്തിയ ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ ദൈനദിന ചെലവുകൾക്കും ഉല്പാദന ഉപാധികൾ വാങ്ങുന്നതിനുമുള്ള പദ്ധതി (പ്രോജക്റ്റ് നം. 812/18 ,വിനിയോഗിച്ച തുക – 9,40,716 രൂപ (തനത് ഫണ്ട്))പ്രകാരം ശ്രീ.അനിൽകുമാർ,മലബാർ എർത്ത് മൂവേഴ്സ്,നല്ലംതണ്ണി,പോത്തുകല്ല് എന്ന വ്യക്തിയ്ക്ക് താഴെ പറയും പ്രകാരം ഫാമിൽ ജെ സി ബി ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന് വാടക ഇനത്തിൽ തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ചെലവിന്റെ വിശദവിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 23.01.2018 മുതൽ 02.02.18 വരെ തുടർച്ചയായി 11 ദിനങ്ങളിൽ 90.57 മണിക്കൂർ ജെ സി ബി ഉപയോഗിച്ച ഇനത്തിൽ മണിക്കൂറിന് 990 രൂപ നിരക്കിൽ നൽകിയതുക | 89,664 രൂപ | |
| 2 | 12.08.17 മുതൽ 18.08.17 വരെയും<br>06.09.17,09.09.17,10.09.17,13.09.17,25.09.17,26.09.17 എന്നീ തീയ്യതികളിലും 100.48 മണിക്കൂർ ജെ സി ബി ഉപയോഗിച്ച ഇനത്തിൽ മണിക്കൂറിന് 990 രൂപ നിരക്കിൽ നൽകിയതുക | 99,475 രൂപ | |
| 3 | ഇൻവോയ്സ് നം. 156/13.05.17 പ്രകാരം 13.40 മണിക്കൂർ ജെ സി ബി ഉപയോഗിച്ച ഇനത്തിൽ മണിക്കൂറിന് 1000 രൂപ നിരക്കിൽ നൽകിയതുക | 13,400 രൂപ | പ്രോജക്റ്റ് നം. 648/18 ,വിനിയോഗിച്ച തുക – 1,42,721 |

| | | | |
|---|---|---|---|
| | | | രൂപ (തനത് ഫണ്ട്) |
| | ആകെ | 2,02,539 | |

പ്രവൃത്തി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)എന്താവശ്യത്തിനാണ് ജെ സി ബി ഉപയോഗിച്ചതെന്ന് വ്യക്തമല്ല.എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവെന്നും വ്യക്തമല്ല. പ്രവൃത്തി സംബന്ധിച്ച് സ്ഥാപനം സമർപ്പിച്ച ബില്ല് ഒഴികെ ഒരു വിവരവും ഫയലിൽ ഇല്ല.

2)2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ(ജി ഒ (പി ) നം.3/2013/എസ് പി ഡി തി. 21.06.2013) പ്രകാരം 1,00,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ടെണ്ടർ മുഖേനയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. തൻമൂലം, ദാതാവിനെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല.

3) പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല.

4)പ്രവൃത്തി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾക്ക് കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11/17.05.19 )മറുപടിയിൽ, തൊഴിലാളി ക്ഷാമം മൂലവും, പ്രവൃത്തികൾ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ പോകും എന്ന് നിശ്ചയിക്കാൻ സാധിക്കാത്തതും, നടപടികളിലെ കാലതാമസം ഒഴിവാക്കാനുമാണ് ടെണ്ടർ വിളിക്കാതെ ക്വട്ടേഷൻ വിളിച്ചതെന്നും,കൃഷിമേഖലയായതിനാലാണ് എസ്റ്റിമേറ്റ് എടുക്കാതിരുന്നതെന്നുമുള്ള ഫാം സൂപ്രണ്ടിന്റെ മറുപടി അംഗീകരിക്കാനാവില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ വിദഗ്ധരുടെ സേവനം ജില്ലാപഞ്ചായത്തിനു കീഴിൽ ലഭ്യമായിരുന്നിട്ടും ആയത് ഉപയോഗിക്കാതിരുന്നതും ശരിയായല്ല. വിളിച്ചുവെന്ന് പറയപ്പെടുന്ന ക്വട്ടേഷൻ സംബന്ധിച്ച ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.കൂടാതെ ജെ സി ബി ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.അപാകതകൾ മൂലം പ്രവൃത്തികൾക്കായി ചെലവഴിച്ച 2,02,539 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-20 വിവിധ പ്രോജക്റ്റുകൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സംയുക്ത പ്രോജക്റ്റുകൾക്കായി വിവിധ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവക്കായി പ്രോജക്റ്റ് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/ പേര് | ബിൽ നമ്പർ/ തീയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | 826/18<br><br>വളവന്നൂർ സി.എച്ച്.സി - യിൽ വനിതാവാർഡ് നിർമ്മാണം | 61/17-18/22-01-18 | 10,00,000 | താനൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2 | 1114/18<br><br>എടവണ്ണ സി.എച്ച്.സിക്ക് പ്രസവ വാർഡ് നിർമ്മാണം | 62/17-18/22-01-18 | 20,00,000 | അരീക്കോട് ഗ്രാമ പഞ്ചായത്ത് |
| 3 | 1153/18 | 65/17-18/25-01-18 | 5,00,000 | ആനക്കയം ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | ഒടവൻകുന്ന് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | | | |
| 4 | 1749/18<br><br>ജി.എച്ച്. എസ്. എസ് ഇരിമ്പിളിയം - വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് നൽകിയത് | 72/17-18/30-01-18 | 69,169 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി വളാഞ്ചേരി സെക്ഷൻ |
| 5 | 1167/18<br><br>പാലേക്കോട് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 73/17-18/30-01-18 | 1,33,747<br><br>(5 ലക്ഷം നൽകിയതിൽ 3,66,253 രൂപയേ ചെലവഴിച്ചിട്ടുള്ളൂ.1,33,747 രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല) | അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |
| 6 | 1748/18<br><br>കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മയ്യേരിച്ചിറ കുടിവെള്ള പദ്ധതി മയ്യേരിച്ചിറ ഭാഗത്തേക്ക് നീട്ടൽ | 77/17-18/30-01-18 | 10,50,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, എടപ്പാൾ |
| 7 | 1763/18<br><br>താനാളൂർ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കെ.ഡബ്ലിയു.എ യുടെ കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ | 78/17-18/30-01-18 | 20,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, എടപ്പാൾ-ടി- |
| 8 | 1682/18<br><br>തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ചൂണ്ടിക്കൽ-പാലപ്പറമ്പ് റോഡ് കുടിവെള്ള പദ്ധതി - തിരുനാവായ | 80/17-18/15-02-18 | 10,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, എടപ്പാൾ |

| | | | | |
|---|---|---|---|---|
| 9 | 1833/18<br>കണ്ണമംഗലം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ലൈൻ മാറ്റൽ | 84/17-18/15-02-18 | 5,95,294 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, വേങ്ങര & കുന്നംപുറം |
| 10 | 1834/18<br>കണ്ണമംഗലം ഗ്രാമ പഞ്ചായത്തിലെ പുത്തുക്കാടൻ കോളനിയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് | 85/17-18/15-02-18 | 1,59,768 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുന്നംപുറം |
| 11 | 1838/18<br>ലൈഫ് മിഷൻ -പണി പൂർത്തിയാകാത്ത വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ) | 86/17-18/15-02-18 | 46,22,858 | മംഗലം ഗ്രാമ പഞ്ചായത്ത് (542858)<br>പുറത്തൂർ ഗ്രാമ പഞ്ചായത്ത് (14,00,000)<br>എടപ്പാൾ ഗ്രാമ പഞ്ചായത്ത് (14,00,000)<br>ആലങ്കോട് ഗ്രാമ പഞ്ചായത്ത് (12,80,000) |
| | | 89/17-18/24-02-18 | 6,00,000 | തുവ്വൂർ ഗ്രാമ പഞ്ചായത്ത് |
| | | 94/17-18/27-02-18 | 7,90,000 | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |
| | | 102/17-18/07-03-18 | 60,000 | മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് |
| 12 | 1839/18<br>ലൈഫ് മിഷൻ - പണി പൂർത്തിയാകാത്ത വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (എസ്.സി.പി) | 88/17-18/15-02-18 | 87,67,333 | എടപ്പാൾ ഗ്രാമ പഞ്ചായത്ത്-(813333)<br>ആലങ്കോട്ഗ്രാമപഞ്ചായത്ത്-(9,30,000)<br>അരീക്കോട് ഗ്രാമപഞ്ചായത്ത്(70,24,000) |
| | | 92/17-18/24-02-18 | 5,00,000 | ആലിപറമ്പ് ഗ്രാമ പഞ്ചായത്ത് |
| 13 | 666/18<br>എസ്.എസ്.എ വിഹിതം നൽകൽ | 99/17-18/28-02-18 | 81,08,000 | എസ്.എസ്.എ ജില്ലാ പ്രോജക്റ്റ് ഓഫീസർ |
| 14 | 1159/18<br>കോട്ടുമല അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഊരകം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 103/17-18/12-03-18 | 5,00,000 | ഊരകം ഗ്രാമ പഞ്ചായത്ത് |
| 15 | 1833/18<br>കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ | 104/17-18/12-03-18 | 4,70,675 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുന്നംപുറം |

| | | | | |
|---|---|---|---|---|
| | ലൈൻ മാറ്റി സ്ഥാപിക്കൽ | | | |
| 16 | 1879/18<br>ലൈഫ് മിഷൻ - പണി പൂർത്തിയാകാത്ത വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (എസ്.ടി) | 108/17-18/16-03-18 | 81,40,000 | അരീക്കോട് ഗ്രാമ പഞ്ചായത്ത് |
| 17 | 1830/18<br>തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി വാർഡ് 2,4 | 111/17-18/16-03-18 | 13,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, എടപ്പാൾ |
| 18 | 1878/18<br>ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും | 113/17-18/20-03-18 | 15,87,530 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, എടപ്പാൾ |
| | | 118/17-18/20-03-18 | 9,99,896 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, എടരിക്കോട് |
| | | 136/17-18/28-03-18 | 8,33,743 | എ.ഇ.കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ- പൊൻമുണ്ടം(32134) കുന്നംപുറം(191423), എടരിക്കോട് (570874) |
| 19 | 1890/18<br>മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കൽ | 115/17-18/20-03-18 | 40,40,000 | എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം |
| 20 | 1361/18<br>ഗവ. ഹയർ സെക്കന്ററി സ്കൂൾ, പേരശ്ശന്നൂർ-റിപ്പയർ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 124/17-18/23-03-18 | 15,00,000 | ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, പേരശ്ശന്നൂർ |
| 21 | 1831/18<br>ആലിപ്പറമ്പ് ജി.എച്ച്.എസ്.എസ് വോൾട്ടേജ് ഇംപ്രൂവ്മെന്റ്- ആലിപ്പറമ്പ് | 126/17-18/23-03-18 | 97,650 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, താഴെക്കോട് |
| 22 | 1787/18<br>ജി.എച്ച്.എസ്.എസ് പുതുപ്പറമ്പ് - ടോയ്ലറ്റ് ബ്ലോക്ക്, എടരിക്കോട് | 127/17-18/23-03-18 | 29,00,000 | ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, പുതുപ്പറമ്പ് |
| 23 | 1903/18<br>മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ കുടിവെള്ള | 130/17-18/28-03-18 | 1,00,75,986 | എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം |

| | | | | |
|---|---|---|---|---|
| | പദ്ധതികൾക്ക് വേണ്ടി തുക അടവാക്കൽ | | | |
| 24 | 29/18<br>അയനിക്കാട് കുട്ടാലുങ്ങൽ കുടി വെള്ള പദ്ധതി - പള്ളിക്കൽ | 132/17-18/28-03-18 | 12,20,000 | എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം |
| 25 | 1756/18<br>77 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 134/17-18/28-03-18 | 12,20,000 | പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത് |
| 26 | 91/18<br>ആറളംകാട് കുടിവെള്ള പദ്ധതി - ആതവനാട് | 134/17-18/28-03-18 | 10,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, എടപ്പാൾ |
| 27 | 1835/18<br>തിരൂർ പൊന്നാനിപ്പുഴ സംരക്ഷണം | 138/17-18/28-03-189 | 7,20,000 | രജിസ്ട്രാർ, ഐ.ആർ.ടി.സി, മുണ്ടൂർ |
| 28 | 1901/18<br>പൊതു വിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി ഹൈടെക്ക് ആയി ഉയർത്തിയ സ്കൂളുകൾക്ക് ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 139/17-18/28-03-18<br>144/17-18/31-03-18 | 1,90,00,000<br>10,00,000 | വിവിധ സ്കൂളുകൾക്ക് നൽകിയ തുക |
| 29 | പ്രൊജക്റ്റ് നം.1301/18<br>പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് മിനി സ്റ്റേഡിയം സ്ഥലം വാങ്ങൽ | 42/17-18/13.11.17- | 10,00,000 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് |
| 30 | പ്രൊജക്നം.1322/18<br>എടമണ്ണിൽ ചിറ വലിയ തോടിന് തടയണ | 47/17-18/13.11.17- | 5,00,000 | മങ്കട ബ്ലോക്ക് പഞ്ചായത്ത്. |
| 31 | പ്രൊജക്റ്റ് നം.1311/18<br>പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 41/17-18/13.11.17- | 7,00,000 | പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 32 | പ്രൊജക്ട് നം.1160/18<br>നീലാങ്ങോട്ട് അംഗൻ വാടി കെട്ടിട നിർമ്മാണം | 46/17-18/13.11.17 | 5,00,000 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് |
| 33 | പ്രൊജക്ട് നം.1172/18<br>കുറ്റിപ്പുറം അംഗൻവാടി കെട്ടിട നിർമ്മാണം | 39/17-18/31.10.17 | 5,00,000 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് |
| 34 | പ്രൊജക്ട് നം.1162/18<br>മണ്ണാറക്കൽ അംഗൻവാടി കെട്ടിട നിർമ്മാണം | 32/17-18/28.9.17 | 500000 | പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് |
| 35 | പ്രൊജക്ട് നം.1176/18<br>ഒതുക്കങ്ങൽ അംഗൻവാടി കെട്ടിട നിർമ്മാണം | 47/17-18/13.11.17 | 500000 | ഒതുക്കങ്ങൽ ഗ്രാമ പഞ്ചായത്ത് |
| 36 | പ്രൊജക്ട് നം.1174/18<br>ആലംകോട് അംഗൻവാടി കെട്ടിട നിർമ്മാണം | 38/17-18/31.10.17 | 500000 | ആലംകോട് ഗ്രാമ പഞ്ചായത്ത് |
| 37 | പ്രൊജക്ട് നം.1161/18<br>കോലത്ത് അംഗൻവാടി കെട്ടിട നിർമ്മാണം | 40/17-18/13.11.17 | 500000 | എടപ്പാൾ ഗ്രാമ പഞ്ചായത്ത് |
| 38 | പ്രൊജക്ട് നം.1178/18<br>പൊന്നാട് അംഗൻവാടി കെട്ടിട നിർമ്മാണം | 41/17-18/13.11.17 | 700000 | ചീക്കോട് ഗ്രാമ പഞ്ചായത്ത് |
| 39 | പ്രൊജക്ട് നം.111/18<br>ഐ.കെ.എം. പ്രവർത്തന വിഹിതം | 13/17-18/16.8.17- | 798549 | ഐ.കെ.എം |
| 40 | പ്രൊജക്ട് നം.666/18<br>എസ്.എസ്.എ വിഹിതം | 1-16/17-18/22.8.17-<br>2-17/17-18/22.8.17-<br>3-18/17-18/25.8.17-<br>4-19/17-18/29.8.17-<br>5-20/17-18/30.8.17-<br>6-21/17-18/31.8.17- | 2500000<br>2500000<br>2500000<br>2500000<br>2500000 | എസ്.എസ്.എ |

| | | | | |
|---|---|---|---|---|
| | | 7-22/17-18/31.8.17-<br>8-23/17-18/18.9.17- | 2500000<br>2500000<br>2500000 | |
| 41 | പ്രൊജക്ട് നം.111/18<br>സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം | 28/17-18/25.9.17 | 2500000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 42 | പ്രൊജക്ട് നം.1180/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 51/17-18/13.11.17<br>66/17-18/21.8.17<br>27/17-18/28.9.17<br>13/17-18/21.8.17<br>26/17-18/28.9.17<br>29/17-18/28.9.17<br>33/17-18/27.10.17<br>37/17-18/31.10.17<br>ആകെ-7420500 | 837500<br>1464000<br>982000<br>1300000<br>500000<br>687000<br>500000<br>1150000 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് |
| | | | 12,51,80,698 | |

മേൽ പറഞ്ഞ പ്രോജക്റ്റുകളുടെ പ്രവൃത്തി പൂർത്തീകരണ/തുക വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ 12,51,80,698രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-21 മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ അവരുടെ ആസ്തികളിൽ പ്രവൃത്തികൾ നടത്തി.

2017-18 വർഷത്തിൽ ജില്ലാപഞ്ചായത്ത് നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള വിവിധ ആസ്തികളിൽ അതത് സ്ഥാപനങ്ങളുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ പ്രവൃത്തി നടത്തിയതായി കണ്ടു. MG (R) ഫണ്ട് ഉപയോഗിച്ചു നടത്തിയ 279 പ്രവൃത്തിയിൽ 6 എണ്ണം മാത്രമേ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ നടത്തിയിട്ടുള്ളൂ. കൂടാതെ വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തിയിലും (അങ്കണവാടി) രേഖാമൂലമുള്ള അനുമതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) 72/2017 Dt. 29.03.2017 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് അംഗൻവാടികൾ നിർമ്മിക്കുന്നതിനും, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനും

പ്രവൃത്തികൾ ഏറ്റെടുക്കാമെങ്കിലും പ്രവൃത്തി നടത്തുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് രേഖാമൂലമുള്ള അനുമതി നേടേണ്ടതാണ് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. തൻവർഷം ജില്ലാപഞ്ചായത്ത് ഇത്തരത്തിൽ നടത്തിയ ഒരു പ്രവൃത്തിയിലും ഇത്തരത്തിൽ സർക്കാർ ഉത്തരവിൽ നിർദേശിക്കുന്ന രേഖാമൂലമുള്ള അനുമതി നേടിയതായി കാണുന്നില്ല.

അതാത് സ്ഥാപനത്തിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളിൽ പ്രവൃത്തി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-22 ഫോം വർക്ക് - അധികം നിരക്ക് നൽകി.

2017-18 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഡ്രൈനേജ് സൈഡ് കോൺക്രീറ്റ് ഫോം വർക്കിന് DAR Code 4.3.1 പ്രകാരമല്ലാത്ത നിരക്കാണ് നൽകിയിരിക്കുന്നത്. പ്ലിന്ത് ലെവൽ വരെയുള്ള കോൺക്രീറ്റിന് DAR Code 4.3.1 നിരക്കാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഏതാനും പ്രവൃത്തികളിൽ ഇതേ പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി കാണുന്നു. ( ഉദാ: ചെറുകുളമ്പ് പൊന്നാരംപല്യാൽ റോഡ് -കുറുവ GP(463/18) ) .വിശദ വിവരം താഴെ നൽകുന്നു

**1) <u>കൊട്ടുമുടി പുറമണ്ണൂർ വെങ്ങാട് റോഡ് പുനരുദ്ധാരണം ( 145/2018 )</u>**

ടി.എസ് -LSGD/TS/2016-17/186 Dt 05.01.2017 (DSR 2014 36.19 % CI)

ചെലവ് -₹ 1405871 (ബിൽ നമ്പർ 216/17-18 Dt. 17.02.2018– 1405871)
എം.ബുക്ക് നമ്പർ -2049/16-17
നിർവഹണം: എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ- കെ.പി അബ്ബാസ് (3.9 % കുറവ് )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 (267.55) | അനുവദിച്ചത് DSR Code 5.9.5. (452.355 ) | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 3) | 406.56 | 104534.71 @ 257.12/ ച.മീ (3.9% കുറവ് വരുത്തിയ ശേഷം ) | 176756.03 @ 434.76 (Item rate) | 72221 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 28/22-05-2019ന് മറുപടി ലഭ്യമാക്കിയില്ല.

**2) <u>പൊൻമള മുട്ടിപ്പാലം റോഡ് ഡ്രൈനേജ് ( 581/2018 )</u>**

ടി.എസ് -LSGD/TS/2017-18/8492 Dt 12.05.2017 (DSR 2016 40.2 % CI)

ചെലവ് -₹ 367672 (ബിൽ നമ്പർ 202/17-18 Dt. 22.01.2018)
എം.ബുക്ക് നമ്പർ -2138/16-17
നിർവഹണം: എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ- ഒ.കെ ജംഷീർ (26.42 % കുറവ് )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DAR 4.3.1 (271.92) | അനുവദിച്ചത് (DAR 4.3.2) നിരക്ക് 530.8 | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് | 156.99 | 31410.56 @ 200.08/ ച.മീ | 61226.10 @ 390 (item rate) | 29816 |

| | | | | |
|---|---|---|---|---|
| ( എസ്റ്റിമേറ്റ് ഇനം 5) | | (26.42% കുറവ് വരുത്തിയ ശേഷം ) | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29/22-05-2019ന് മറുപടി ലഭ്യമാക്കിയില്ല.

3) <u>പാറക്കപ്പാടം പൂക്കോട്ടുംപാടം പാറക്കപ്പാടം സൈഡ് പ്രൊട്ടക്ഷൻ ( 958/2018 )</u>

നിർവഹണം: എക്സിക്യൂട്ടീവ് എഞ്ചിനീയർ.
ടി.എസ് -47318/2017-18 Dt 02.08.2017 (DSR 2016 40.2 % Cl)

ചെലവ് -₹ 734069 (ബിൽ നമ്പർ 16/17-18 Dt. 27.02.18–)- MG(R)
എം.ബുക്ക് നമ്പർ -2667/17-18

കരാറുകാരൻ- രാജേഷ് കുമാർ (26.20 % കുറവ് )
കരാർ: AEE/LSGD/DIV/MPM/009/17-18 Dt 23-10-2017

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DAR 4.3.1 (271.92) | അനുവദിച്ചത് (DAR 4.3.2) (നിരക്ക് 530.8) | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 5) | 329.93 | 66207.05 രൂപ @ 200.67/ ച.മീ (26.20% കുറവ് വരുത്തിയ ശേഷം ) | 129243.48 രൂപ @ 391.73/ ച.മീ (26.20% കുറവ് വരുത്തിയ ശേഷം ) | 63036 രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29/22-05-2019ന് മറുപടി ലഭ്യമാക്കിയില്ല.
എസ്റ്റിമേറ്റിൽ ഉയർന്ന നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം ₹ 165073 എസ്റ്റിമേറ്റ് അംഗീകരിച്ച എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-23 GST കോംപൻസേഷൻ - നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധിക്കാതെ പണം നൽകി.

2017-18 വർഷത്തിൽ നടപ്പാക്കിയ ചാപ്പപ്പാറ എസ്.സി കോളനി ഭവന സുരക്ഷ പദ്ധതി - തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് (572/18) എന്ന പ്രൊജക്ടിലാണ് കരാറുകാരന് GSTകോംപൻസേഷൻ അനുവദിച്ച് നൽകിയത്.

പ്രവൃത്തിയുടെ വിശദവിവരം താഴെ നൽകുന്നു.

| | |
|---|---|
| കരാറുകാരൻ | ശ്രീ ജിജീഷ് പി |
| കരാർ | EE/LSGD/MPM/154/2017-18 Dt.23.06.2017<br>₹ 818738 ( 17.99 കുറവ്) |
| എം ബുക്ക് | 2366/16-17 |
| മൂല്യ നിർണ്ണയം | 816136 + 40807 (GST കോംപൻസേഷൻ) |
| ചെലവ് | 856943 (ബിൽ നമ്പർ 194/17-18 Dt. 12.01.2018 |

GST നിലവിൽ വന്നതിന് ശേഷം കരാറുകാർക്ക് അധിക നികുതി ബാധ്യത വരുന്നതിനാൽ വിവിധ ഇനം പ്രവൃത്തികൾക്ക് നിശ്ചിത നിരക്കിൽ കോംപൻസേഷൻ അനുവദിച്ച് നൽകുന്നതിന് 01.11.2017 ലെ GO(P) 87/2017/LSGD നമ്പർ ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ കോംപൻസേഷൻ നൽകേണ്ടത് കരാറുകാരൻ അടച്ച തുകയുടെ രേഖ പരിശോധിച്ച് അത് സർക്കാർ ഉത്തരവിനനുസൃതമാണ് എന്ന് ഉറപ്പ് വരുത്തിയിട്ടാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 27/11/17 ലെ DB3-9058/17/CE/ത.സ്വ.ഭ.വ. സർക്കുലറിൽ വ്യക്തമാക്കിയതാണ്. എന്നാൽ ഈ

പ്രവൃത്തിയിൽ കരാറുകാരൻ നികുതി അടച്ചതിന്റെ യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2017-18 വർഷത്തിൽ വളരെയധികം പ്രവൃത്തികൾ ഇത്തരത്തിൽ കോംപൻസേഷൻ നൽകേണ്ട കാലയളവിൽ നടപ്പാക്കിയതായി ഉണ്ടായിരുന്നു എങ്കിലും ഈ ഒരു പ്രവൃത്തിക്ക് മാത്രമാണ് GST കോംപൻസേഷൻ അനുവദിച്ച് നൽകിയത്.

ഒരു കരാറുകാരന് മാത്രമായി GST കോംപൻസേഷൻ അനുവദിച്ച് നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതും, കരാറുകാരൻ നികുതി അടവാക്കിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

നികുതി അടവാക്കിയ രേഖ ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിൽ ചെലവഴിച്ച ₹ 40807 തടസ്സം ചെയ്യുന്നു. രേഖ ലഭ്യമാക്കാത്ത പക്ഷം തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/22-05-17) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-24 മരാമത്ത് പ്രവൃത്തി - നിർവ്വഹിക്കാത്ത ഇനത്തിന് പണം നൽകി

2017-18 വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ V K പടി വനിതാ വികസന കേന്ദ്രം നിർമാണം എന്ന പ്രൊജക്ട് നടത്തിപ്പിലാണ് അപാകത സംഭവിച്ചത്.വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രവൃത്തി | വി.കെ പടി വനിതാ വികസന കേന്ദ്രം നിർമാണം -AR നഗർ ഗ്രാമപഞ്ചായത്ത് (536/18) |
| സാങ്കേതികാനുമതി നം | 1461/17-18 Dt. 11.05.2017 , ₹ 1000000<br>DSR 2016 , Cost Index 40.20 % |
| കരാറുകാരൻ | ശ്രീ ഹാരിസ് വി |
| കരാർ | EE/LSGD/MPM/092/17-18 Dt.02.06.2017<br>₹ 825500 (item rate) [Total 9% below] |
| എം ബുക്ക് | 2406/16-17 |
| ചെലവ് | ₹ 824857 (ബിൽ നമ്പർ 200/17-18 Dt. 22.01.2018 ) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം ഒന്ന് പ്രകാരം 0.63 mm കനമുള്ള GS ഷീറ്റ് ഉപയോഗിച്ച് കെട്ടിടത്തിൽ ഷീറ്റ് പ്രവൃത്തി നടത്തുന്നതിനാണ് പണം വകയിരുത്തിയത്. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ എം ബുക്കിലും 0.63 mm കനമുള്ള GS ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തി എന്ന് രേഖപ്പെടുത്തി കരാറുകാരന് പണം നൽകുകയും ചെയ്തിട്ടുണ്ട്.
ഓഡിറ്റിന്റെ ഭാഗമായി 21.05.2019 ന് AR നഗർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ, ശ്രീ.മഹേഷ് മോഹൻ, ഓവർസിയർ ശ്രീ.റിജേഷ്.എൻ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം നിർദേശിക്കപ്പെട്ട ഷീറ്റ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് വ്യക്തമായി. 0.63 mm കനമുള്ള ഷീറ്റിന് പകരം 0.30 mm കനമുള്ള ഷീറ്റ് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയത്. ഷീറ്റിന്റെ കനം 0.30 ആണ് എന്ന് ഷീറ്റിൽ വ്യക്തമായ രേഖപ്പെടുത്തൽ ഉണ്ട്.
ഇതേ കനത്തിലുള്ള റൂഫിങ്ങ് ഷീറ്റിന് ഓഡിറ്റ് കാലയളവിൽ 623.49/m2 നിരക്കിലാണ് തുക നൽകിയിട്ടുള്ളത് എന്നാണ് മറ്റ് വർക്ക് ഫയലുകളിൽ നിന്ന് വ്യക്തമാവുന്നത്. ഈ കാലയളവിൽ 2016 DSR, കോസ്റ്റ് ഇൻഡക്സ് 40.2

അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്ത് തന്നെ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ od181335/2017-18 പ്രകാരം 623.49m2 നിരക്കിൽ കരാറുകാരന് പരമാവധി അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| ചെയ്ത അളവ് | അനുവദിച്ചനിരക്ക് DSR12.1.3 | ആകെ അനുവദിച്ച തുക | അനുവദിക്കാവുന്ന തുക od181335/2017-18 @623.49m2 | അധികം |
|---|---|---|---|---|
| 171.741 ച.മീ | 893.7747 | 153497.76 | 107078.796 | 46419 |

മുൻകൂട്ടി കാണാൻ സാധിക്കാത്ത കാരണങ്ങളാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന ഒരിനം പ്രവൃത്തി ചെയ്യേണ്ടി വരികയാണെങ്കിൽ അധികമായി ചെയ്യേണ്ടിവരുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നേടേണ്ടതാണ് എന്ന് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14.5 ലും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെ ഒരു പ്രവൃത്തിയും നടത്തരുത് എന്ന് ചട്ടം 6 ലും വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു നടപടികളും സ്വീകരിക്കാതെ എസ്റ്റിമേറ്റിനനുസൃതമായല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റിനനുസൃതമായാണ് നടന്നത് എന്ന് തെറ്റായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് പണം അനുവദിച്ച് നൽകുകയാണ് ചെയ്തത്.

ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എംബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ നടത്തി പണം അനുവദിക്കുകവഴി കരാറുകാരന് അധികമായി നൽകിയ ₹ 46419 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

# 3-25 റോഡ് മെയിന്റനൻസ് ഫണ്ട് 19.11 കോടി രൂപ വകമാറ്റി ചെലവഴിച്ചു.

റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിൽ സർക്കാർ ഉത്തരവുകൾ പാലിക്കാതെ ജില്ലാപഞ്ചായത്തിന്റെതല്ലാത്ത റോഡുകളിൽ പ്രവൃത്തി നടത്തുക വഴി 191132479 രൂപ വകമാറ്റി ചെലവഴിച്ചു.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സംരക്ഷണത്തിനാണ് ഈ ഗ്രാന്റ് വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചതാണ്. കൂടാതെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് 2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) 72/2017 Dt. 29.03.2017 നമ്പർ ഉത്തരവിലും വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

2017-18 വർഷത്തിൽ മലപ്പുറം ജില്ലാപഞ്ചായത്ത് റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് 279 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആകെ ₹ 198316109 ഈ പ്രവൃത്തികൾക്കായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് തൻവർഷം ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. (IKM ചെലവ് പത്രിക പ്രകാരമുള്ള വിവരം)

ജില്ലാപഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച പ്രവൃത്തികളുടെ പ്രൊജക്ടുകളിലൊന്നും തന്നെ റോഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ റഫറൻസ് നമ്പർ, ക്രമ നമ്പർ എന്നിവയൊന്നും രേഖപ്പെടുത്താതെ പ്രവൃത്തി ഏറ്റെടുത്തതിനാൽ പ്രവൃത്തി നടത്തിയത് ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്നത് ഉറപ്പ് വരുത്താനാകുന്നില്ല. ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ (റോഡ്) ൽ ഉള്ള റോഡുകളുമായി താരതമ്യം ചെയ്ത് പരിശോധന നടത്തിയതിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ 279 പ്രവൃത്തികളിൽ ആറ് പ്രൊജക്ടുകൾ മാത്രമെ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ നടത്തിയിട്ടുള്ളൂ എന്ന് വ്യക്തമായി.

ഇവയുടെ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് നമ്പർ | ചെലവ് |
|---|---|
| 99/18 | 783433 |
| 141/18 | 828164 |

| | |
|---|---|
| 145/18 | 1405871 |
| 205/18 | 1049074 |
| 449/18 | 717520 |
| 1268/18 | 2399568 |
| ആകെ | 7183630 |

ഈ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 3/9-519) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ റോഡ് മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവ് ചെയ്തതിന് വിശദീകരണം നൽകേണ്ടതും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ഈ ഇനത്തിലെ ചെലവ് ₹ 191132479 തടസ്സം ചെയ്യുന്നു

## 3-26 വൈദ്യുതീകരണ പ്രവൃത്തികൾ. പൂർത്തീകരണ വിവരമില്ല

താഴെപ്പറയുന്ന വൈദ്യുതീകരണ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | ബിൽ നമ്പർ | തുക | കെ.എസ്.ഇ.ബി.ഡിവിഷൻ |
|---|---|---|---|
| പ്രൊജക്ട് നം.28/2018മക്കരപ്പറമ്പ് പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 43/17-18/13.11.2017 | 1000000 | KSEB-പെരിന്തൽമണ്ണ |
| പ്രൊജക്ട് നം.1288/2018 ഏമ്പി കപ്പ മുന്താർ റോഡ് ലൈൻ മാറ്റൽ | 36/17-18/31.10.2017- | 455450 | KSEB-തിരൂരങ്ങാടി |
| പ്രൊജക്ട് നം.1305/2018 ഏമ്പി കപ്പ മുന്താർ റോഡ് ലൈൻ മാറ്റൽ | 35/17-18/31.10.2017- | 653250 | KSEB-തിരൂരങ്ങാടി |
| പ്രൊജക്ട് നം.947/2018 എറേക്കുളങ്ങര ചെങ്ങാനി ഏരിയ ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 44/17-18/13.11.2017- | 731932 | KSEB-ചേളാരി |
| പ്രൊജക്ട് നം.7/2018കരുവമ്പലത്ത് ലൈൻ മാറ്റി സ്ഥാപിക്കൽ | 2/17-18/11.7.2017- | 105956 | KSEB-കൊളത്തൂർ |
| പ്രൊജക്ട് നം.21/2018 തീണ്ടക്കാട് അച്ചനമ്പലം റോഡിൽ നിന്നും ലൈൻ മാറ്റി സ്ഥാപിക്കൽ | 4/17-18/11.7.2017- | 395636 | KSEB-വേങ്ങര |
| പ്രൊജക്ട് നം.25/2018 കക്കാടം പുറം ലൈൻ മാറ്റൽ | 1/17-18/23.6.2017 | 57046 | KSEB-കുന്നും പുറം |
| പ്രൊജക്ട് നം.24/2018 അഞ്ചു പറമ്പ്-കരിമ്പിലി ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 3/17-18/11.7.2017 | 962376 | KSEB-ഊരകം |

ഈ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ തുകയയുടെ വിനിയോഗ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതു വരെ ചെലവു തുക 4361646 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-27 ഡ്രൈനേജ് സൈഡ് വാൾ - സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. കൂടാതെ ശരാശരി 0.70cm മാത്രമാണ്

ഇവയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്. 2016-17 ലും ഓഡിറ്റ് വർഷത്തെ മിക്ക പ്രവൃത്തികളിലും ഈ ഇനത്തിന് 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

അധികം നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 10/20.2.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 189132 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത എഞ്ചിനീയർമാരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക (ഡി.എസ്.ആർ.4.3.2 പ്രകാരം നിരക്ക് 491.37/m$^2$) | നൽകാവുന്ന തുക (ഡി.എസ്.ആർ.4.3.1 പ്രകാരം നിരക്ക് 267.54/m$^{2)}$ | അധികം |
|---|---|---|---|---|---|
| 1. | 160/18 അമ്പലപ്പടി KP കുളമ്പ് വളപുരം റോഡ് പുനരുദ്ധാരണം. മൂർക്കനാട് ഗ്രാമ പഞ്ചായത്ത്. കരാറുകാരൻ ശ്രീ. അഫസൽ. N. (6.82% ടെണ്ടർ കുറവ്).<br>ബിൽ 15 /31.7.2017 തുക.637820<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% | 65.644m$^2$ | 30056<br>@457.86<br>(ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 16365<br>@249.29<br>( ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 13691 |
| 2. | മാങ്കുളം പുനരുദ്ധാരണം. ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് (371/18).കരാറുകാരൻ. ശ്രീ അബ്ദുൽ അസീസ്.പി 8.4% കുറവ്.<br>ബിൽ. 142/19.10.2017 തുക. 768145<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% | 86.10m$^2$ | 38918<br>@452.01<br>ഐറ്റം റേറ്റ് കോൺട്രാക്റ്റ് പ്രകാരം കരാറുകാരൻ കോട്ട് ചെയ്ത നിരക്ക്. 8.01% below | 21190<br>@246.11/m$^2$<br>(8.01% ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 17728 |
| 3. | പത്തംപാട് ആലിൻചുവട് പടിഞ്ഞാറങ്ങാടി റോഡ് പുനരുദ്ധാരണം. നിറമരുതൂർ ഗ്രാമ പഞ്ചായത്ത്. (353/18) കരാറുകാരൻ ശ്രീ. ഹംസഹാജി. പി (19.31% ടെണ്ടർ കുറവ്).<br>ബിൽ 46/7.8.2017 തുക. 783223<br>DSR 2014കോസ്റ്റ് ഇൻഡക്സ് 36.19% | 141$^{m2}$ | 55905<br>(@396.49<br>ടെണ്ടർ കുറവ് കിഴിച്ച ശേഷം | 30439<br>(@215.88<br>( ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 25466 |
| 4. | പൊറൂർ മുറിവഴിക്കൽ റോഡ് പുനരുദ്ധാരണം. നിറമരുതൂർ ഗ്രാമ പഞ്ചായത്ത്. (355/18) കരാറുകാരൻ ശ്രീ. ഹംസഹാജി. പി (23.23% ടെണ്ടർ കുറവ്).<br>ബിൽ 38 /7.8.2017 തുക. 765008<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% | 252.98m$^2$ | 95430<br>(@377.225<br>ടെണ്ടർ കുറവ് കിഴിച്ച ശേഷം | 51960<br>(@205.391<br>ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 43470 |
| 5. | കോലുപാലം മുക്കിലപീടിക ഡ്രൈനേജ് (240/18) കരാറുകാരൻ. ശ്രീ CM അബ്ദുൽ ഗഫൂർ (18.88% ടെണ്ടർ കുറവ്). ബിൽ 136 /7.10.2017 തുക. 807727<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% അളവ് പുസ്തകം 2333/16-17 | 319.83m$^2$ | 127484<br>(@398.6<br>ടെണ്ടർ കുറവ് കിഴിച്ച ശേഷം | 69413<br>(@217.03<br>ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 58071 |
| 6. | പാക്കത്ത് ചേരിക്കല്ല് റോഡിൽ ഡ്രൈനേജ് പ്രവൃത്തി (40/18). കൺവീനർ . ശ്രീ പാക്കത്ത് അബു | 157.78m$^2$ | 67412 @427.25 | 36706 @232.64 | 30706 |

| | | | | | |
|---|---|---|---|---|---|
| | സലീം.<br>ബിൽ 109/11.9.2017 തുക. 469585<br>അളവ് പുസ്തകം 1605/16-17<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% | | (CP, OH എന്നിവ ഇല്ലാതെ കൺവീനർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കാണ് നൽകിയത്) | (CP, OH എന്നിവ ഇല്ലാതെ കൺവീനർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കാണ് നൽകിയത്) | |
| | ആകെ | | | | 189132 |

# 3-28 എസ്.സി.കോളനി ഭവന സുരക്ഷ-ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി.

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിലെ കഞ്ഞിക്കുഴിങ്ങര SC കോളനി ഭവന സുരക്ഷ എന്ന പ്രവൃത്തിയിൽ (പ്രൊജക്ട് 74/18 ) 6-ാം ഇനമായി കോമ്പൗണ്ട് വാൾ 1:3 അനുപാതത്തിലുള്ള (1 വൈറ്റ് സിമന്റ് പോയിന്റ് : 3 മാർബിൾ പൊടി ) റൈസ്ഡ് & കട്ട് രീതിയിലുള്ള സിമന്റ് പോയിന്റിങ് ചെയ്തതിന് 402.31/$m^2$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെയും ഗ്രാമ പഞ്ചായത്ത് മെമ്പറുടെയും സാന്നിധ്യത്തിൽ 22.2.2018 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ സാധാരണ രീതിയിലുള്ള റൂൾഡ് & ഫ്ലഷ് പോയിന്റിങ് ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിന് തുക അനുവദിക്കാവുന്നത് 208.1/ എം2 പ്രകാരമാണ്. കൂടാതെ ഇനം 1 ആയി നിലവിലുള്ള സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള പടവ് 84.381$m^3$ പൊളിച്ച് നീക്കിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള പടവ് അവിടെ ഉണ്ടായിരുന്നില്ല, മണ്ണ് കൊണ്ട് പടവ് ചെയ്തത് മാത്രമാണ് അവിടെ ഉണ്ടായിരുന്നത് എന്ന് ബന്ധപ്പെട്ടവർ രേഖാമൂലം അറിയിക്കുകയുണ്ടായി. ആയതിനാൽ അനുവദിച്ച നൽകിയ നിരക്ക് 1150/എം3 പകരം 319.58/എം3ന് മാത്രമാണ് ഈ ഇനത്തിൽ അനുവദിക്കാനാവൂ. ചെയ്യാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

അധികം നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 16/24.2.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 145337 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ ചുമത്തുന്നു

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി | ചെയ്ത ഏരിയ | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| കഞ്ഞിക്കുഴിങ്ങര SC കളനി ഭവന സുരക്ഷ (74/2018). പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്. കരാറുകാരൻ ശ്രീ. അബ്ദുൽ അസീസ്. പി 9.1% ടെണ്ടർ കുറവ്). ബിൽ 100/1.9.2017 തുക. 1276311<br>DSR 2014<br>കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 764/14-15 | എസ്റ്റിമേറ്റ് പ്രകാരം - റൈസ്ഡ് & കട്ട് പോയിന്റിങ്<br>ചെയ്തത് - റൂൾഡ് & ഫ്ലഷ് പോയിന്റിങ് | 420.735/$m^2$ | 81639<br>(@194.04/ $m^2$ 6.79 % ടെണ്ടർ കുറവ് കിഴിച്ച ശേഷം)<br>DSR 13.33.1പ്രകാരം നിരക്ക് 208.17/$m^2$ | 157776<br>(@375/$m^2$ ഐറ്റം റേറ്റ് കോൺട്രാക്ട് പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്. below 6.79)<br>DSR 13.34പ്രകാരം നിരക്ക് 402.31/$m^2$ | 76137 |
| | എസ്റ്റിമേറ്റ് പ്രകാരം - ഡിമോളിഷിങ് സ്റ്റോൺ റബ്ൾ മേസന്റി ഇൻ | 84.381$m^3$ | 27838(@329.91/$m^3$ 6.16% ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 97038(@1150/$m^3$ ഐറ്റം റേറ്റ് കോൺട്രാക്ട് പ്രകാരം | 69200 |

| | | | | | |
|---|---|---|---|---|---|
| | സിമന്റ് മോർട്ടാർ (DSR 15.9.2)<br>(ചെയ്തത്: ഡിമോളിഷിങ് മഡ് മോർട്ടാർ | | DSR 15.7.1പ്രകാരം അനുവദനീയമായ നിരക്ക് 351.57/$m^3$ | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്. 6.16 below)<br>DSR 15.9.2 പ്രകാരം നിരക്ക് 1225.50 | |
| | | ആകെ | | | 145337 |

# 3-29 ഭവന സുരക്ഷ പദ്ധതി - സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള കരിങ്കൽ പടവ്. അധിക ചെലവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോമുള്ളിക്കുന്ന് കോളനി ഭവന സുരക്ഷ എന്ന പ്രവൃത്തിയുടെ (189/18) ആദ്യ എസ്റ്റിമേറ്റിൽ ഡ്രൈറബിൾ മേസന്റി ചുറ്റമതിൽ ആണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇഴ ജന്തുക്കൾ മതിലിനുള്ളിൽ കയറുമെന്നും ഇത് കോളനിക്കാരുടെ ജീവന് ഭീഷണി ഉയർത്തുമെന്നുമുള്ള കാരണം രേഖപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള കരിങ്കൽ പടവ് എന്നാക്കി മാറ്റം വരുത്തുകയുണ്ടായി. ഡ്രൈറബിൾ മേസനറി പ്രവൃത്തി ചെയ്താൽ പടവിലുണ്ടാവുന്ന ദ്വാരങ്ങൾ അടക്കുന്നതിന് സിമന്റ് പോയിന്റിങ് മാത്രം ചെയ്താൽ മതിയാവുന്നതാണ്. സിമന്റ് പോയിന്റിങ് ചെയ്യുന്നതിന് പകരം സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള കരിങ്കൽ പടവ് ചെയ്തത് വഴി 114009 രൂപ ജില്ലാ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി. കോമുള്ളിക്കുന്ന് കോളനി ഭവന സുരക്ഷ (189/18). അമരമ്പലം ഗ്രാമ പഞ്ചായത്ത്

എസ്.സി.പി. 749150. ബിൽ. 34/7.8.2017 തുക. 667895

കരാറുകാരൻ. ശ്രീ. ഷൗക്കത്തലി. സി (25.2% കുറവ്)

| റാന്റം റബിൾ മേസന്റി ചെയ്തത് | ചെലവ് |
|---|---|
| 96.89$^{m3}$ | 382653 |

| ഡ്രൈറബിൾ മേസന്റി അളവ് | ചെലവ് @2572/$^{m3}$ | പോയിന്റിങ് | ചെലവ് @208.17/m2 (DSR-13-33-1) | അധികം |
|---|---|---|---|---|
| 96.89$^{m3}$ | 186403<br>@1923.86ടെണ്ടർ നിരക്ക് കുറച്ച ശേഷമുള്ള തുക | 528.17$m^2$ | 82241<br>@155.71ടെണ്ടർ നിരക്ക് കുറച്ച ശേഷമുള്ള തുക | 114009<br>(382653-268644(186403+82241) =114009 |

കുറിപ്പ്. ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ ചൊവ്വണ വട്ടപ്പറമ്പ് SC കോളനി ഭവന സുരക്ഷ (276/18) എന്ന പ്രവൃത്തിയിലും, കഞ്ഞിക്കുഴിങ്ങര SC കോളനി ഭവന സുരക്ഷ (74/18)എന്ന പ്രവൃത്തിയിലും ഡ്രൈറബിൾ മേസന്റിയും പോയിന്റിങ്ങും മാത്രമാണ് ചെയ്തിട്ടുള്ളത്.

അനാവശ്യ ചെലവുകൾ ഒഴിവാക്കാമായിരുന്നിട്ടും പ്രവൃത്തിയിൽ അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-30 ക്വാറി മക്ക് ഫില്ലിങ് - അധിക നിരക്ക് നൽകി

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുന്നക്കാട് വീട്ടിക്കുന്ന് റോഡ് മെയിന്റനൻസ് (1608/18) എന്ന പ്രവൃത്തിയിൽ ഇനം 2 ആയി റോഡ് പ്രതലത്തിൽ 15cm കനത്തിൽ ക്വാറി മക്ക് നിരത്തിയതിന് 1853.93/$m^3$നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 889.60/$m^3$ നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ മോർഡ് (Morth) ഡാറ്റ കോഡ് 4.11.1 അനുസരിച്ചുള്ള ലോക്കൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കാനുള്ള നിരക്കാണ് ഈ ഇനത്തിന് നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റോഡിന്റെ പ്രതലം ഉറപ്പ് വരുത്താൻ ക്വാറി മക്ക് നിരത്തണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കാനുള്ള ഭൂരിഭാഗം പ്രവൃത്തികളിലും പ്രാദേശികമായി ലഭ്യമായ ക്വാറി മക്ക് ആണ് ഉപയോഗിച്ചിട്ടുള്ളത്. 495/2017 അമ്പലപ്പടി കെ.പി കുളമ്പ് റോഡ് (മൂർക്കനാട് ഗ്രാ. പ ) പ്രവൃത്തിയിൽ സബ് ബേസ് നിർമാണത്തിന് ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 889.6/cum നിരക്കിലാണ് തുക നൽകിയിട്ടുള്ളത്.

അധികം നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 14/21.2.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 74126 രൂപ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരംഅളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പുന്നക്കാട് വീട്ടിക്കുന്ന് റോഡ് മെയിന്റനൻസ് (1608/18)<br>കരാറുകാരൻ ശ്രീ. കെ.പി അബ്ബാസ് (12.13% ടെണ്ടർ കുറവ്).<br>ബിൽ 40/7.8.2017തുക. 863233<br>DSR 2014<br>കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം. 2072/16-17 | 88.94 $m^3$ | 143650<br>(@1615.13 $m^3$<br>ഐറ്റം റേറ്റ് കോൺട്രാക്റ്റ് പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്. 12.88% below)<br>MORD Data 4.11.1 | 69524<br>@781.69$m^3$ ടെണ്ടർ കുറവ് കിഴിച്ച ശേഷം.<br>ഒബ്സർവ്ഡ് ഡാറ്റ:<br>od 199971/2016-17<br>നിരക്ക് 889.6/cum | 74126 |
| ആകെ | | | | 74126 |

# 3-31 റൂഫിങ് ഷീറ്റിന് അധിക നിരക്ക് നൽകി

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തണ്ണീർച്ചാൽ ഇൻഡോർ സ്റ്റേഡിയം റൂഫ്, വെൽ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ (പ്രൊജക്റ്റ് 422/18) ഇനം 16 ആയി ഇൻഡോർ സ്റ്റേഡിയം മേൽക്കൂരയിൽ 0.30mm കനത്തിലുള്ള ഷീറ്റ് മേഞ്ഞതിന് ഒബ്സർവ്ഡ് ഡാറ്റ od134566/2016-17 പ്രകാരം 643.16/ $m^2$ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ കനത്തിലുള്ള ഷീറ്റിന് 598/$m^2$ നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ നീലാഞ്ചേരി GHS സ്കൂൾ പെൺകുട്ടികൾക്കുള്ള വിശ്രമ മുറി നിർമ്മാണം (218/18) എന്ന പ്രവൃത്തിയിൽ 0.35mmകനത്തിലുള്ള ഷീറ്റ് മേഞ്ഞതിന് ഒബ്സർവ്ഡ് ഡാറ്റ od184587/2016-17 പ്രകാരം 598/$m^2$ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. കൂടാതെ ജില്ലയിലെ മിക്ക ഗ്രാമ പഞ്ചായത്തുകളും ഈ പ്രവൃത്തികൾക്ക് 598/$m^2$ നിരക്കാണ് നൽകിവരുന്നത്. (രണ്ട് പ്രവൃത്തികൾക്കും 2017 ജനുവരി മാസത്തിലാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. രണ്ട് ഇനങ്ങൾക്കും പ്രാദേശികമായി തയ്യാർ ചെയ്ത ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് നിരക്ക് കണ്ടെത്തിയിട്ടുള്ളത്).

അധികം നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 13/21.2.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ 22220 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത എഞ്ചിനീയർമാരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ ചുമത്തുന്നു

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| തണ്ണീർച്ചാൽ ഇൻഡോർ സ്റ്റേഡിയം റൂഫ്, വെൽ മെയിന്റനൻസ് ( 422/18) കരാറുകാരൻ ശ്രീ. മുഹമ്മദ് കോയ ബാപ്പു (11.54% ടെണ്ടർ കുറവ്). ബിൽ 150 / 26.10.2017തുക. 1224590<br>DSR 2014<br>കോസ്റ്റ് ഇൻഡക്സ് 36.19% | 514.475 $m^2$ | 316495<br>(@615.18 ടെണ്ടർ കുറവ് കിഴിച്ച ശേഷം)<br>ഈ ഇനത്തിന് ക്വാട്ട് ചെയ്ത നിരക്ക് 4.35% കുറവ് | 294275<br>(@571.99 ടെണ്ടർ കുറവ് കിഴിച്ച ശേഷം) | 22220 |
| ആകെ | | | | 22220 |

# 3-32 ട്രസ്സ് വർക്ക് , സിംഗിൾ സെക്ഷൻ വർക്കിന് അധിക നിരക്കിൽ തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണോദ്യോഗസ്ഥൻ: എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ചെലവ് : 763425 ട്രഷറി ബിൽ 57/16.8.2017

| ഒന്നാം പാർട് ബിൽ: | അവസാന ബിൽ: |
|---|---|
| മൂല്യനിർണ്ണയം: 1044628 | മൂല്യനിർണ്ണയം: 1703590 |
| (-) റിടെൻഷൻ 104463 | (-) part bill 1044628 |
| ബാക്കി 940165 | ബാക്കി 658962 |
| (-) നികുതി 62677 | (+) റിടെൻഷൻ 104463 |
| കരാറുകാരന് 877488 | (-) നികുതി 39539 |
| | കരാറുകാരന് 723886 |

നീലാഞ്ചേരി GHSS പെൺകുട്ടികൾക്കുള്ള വിശ്രമ മുറി നിർമ്മാണം (218/18) എന്ന പ്രവൃത്തിയിൽ പാർട്ട് 8 ഇനം 1 ആയി മേൽക്കൂരയിൽ ട്രസ്സ് വർക്കിൽ റാഫ്റ്റർ ട്രസ്സ് വർക്ക് ആയും സിംഗിൾ സെക്ഷൻ ആയും ചെയ്തിട്ടുണ്ട്. കൂടാതെ, വാൾ പ്ലേറ്റ് മുതലായവയും സിംഗിൾ സെക്ഷൻ ആയിട്ടാണ് ചെയ്തിട്ടുള്ളതെന്ന് 22-2-2018 ൽ തുവ്വൂർ ഗ്രാമപഞ്ചായത്ത് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ വ്യക്തമായി.

ഇതേ പ്രവൃത്തിയിൽ 40mm GI പൈപ്പ് ഉപയോഗിച്ച് പർലിൻ പ്രവൃത്തി ചെയ്തതിനും ട്രസ്സ് വർക്കിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. പർലിൻ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ്.

സിംഗിൾ സെക്ഷൻ വർക്കിന് DSR 50.10.1 പ്രകാരമുള്ള 150.15/kg നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DSR 50.10.2 പ്രകാരമുള്ള 123.18/kg നിരക്കാണ് അനുവദനീയമായിട്ടുള്ളത്.

അധികം നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 11/20.2.2018, 21/28.2.2018 എന്നീ ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 31086 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത എഞ്ചിനീയർമാരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ ചുമത്തുന്നു

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം സിംഗിൾ സെക്ഷൻ ചെയ്യതിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
